www.malankaralibrary.com

Vol. 47, Issue 06 & 07, June –July 2025 Date of Publication : 15 July 2025
Place of Publication : Ernakulam. RNI No. KER/MAL/29523/78

# താലന്ത്

## A JOURNAL FOR ADULT CATECHESIS



www.malankaralibrary.com

# POC PUBLICATIONS

Palarivattom (The Official Publishing House of KCBC)




*For more informations:*

**PASTORAL ORIENTATION CENTRE**
Secretariat, Kerala Catholic Bishops' Council,
Palarivattom, Kochi - 682 025, Kerala, India
Ph: +91484 2805722, 2805815. E-mail:
pocpublications@gmail.com

## POC Publications

| Name of Book | Price | Name of Book | Price |
|---|---|---|---|
| ഞാൻ അതിയായി ആശിച്ചു | 70/- | വിശ്വാസത്തിന്റെ വാതിൽ | 25/- |
| ദൈവത്തെ സ്തുതിക്കുവിൻ | 80/- | സെന്റ് ജോസഫ് | 120/- |
| ഇതാണ് ദൈവാശ്രയബോധം | 70/- | ദളിത് ശക്തീകരണ പോളിസി | 40/- |
| രണ്ടാം വത്തിക്കാൻ | | വാർദ്ധക്യത്തിന്റെ മഹത്വം | 15/- |
| കൗൺസിൽ പ്രമാണരേഖകൾ | 300/- | സമർപ്പിതർ സഭയിൽ | 250/- |
| ഫ്രത്തെല്ലി തുത്തിയുടെ | | സുവിശേഷം പ്രസംഗിക്കുവിൻ | 150/- |
| വിശ്വസാഹോദര്യ പാഠങ്ങൾ | 100/- | അല്മായ വിശ്വാസികൾ | 130/- |
| ഫ്രത്തെല്ലി തുത്തി | 180/- | വിശ്വാസവും യുക്തിയും | 40/- |
| YOUCAT | 300/- | യുവജനം, വിശ്വാസം | |
| കത്തോലിക്കാ സഭയുടെ | | വിളിസംബന്ധമായ വിവേചിച്ചറിയൽ | 30/- |
| മതബോധനഗ്രന്ഥം | 370/- | നിങ്ങൾക്ക് ഞാൻ അജപാലകരെ | |
| Laudato si | 80/- | നല്കും | 70/- |
| The Joy of Love | 120/- | വൈദികരും മൂന്നാം ക്രൈസ്തവ | |
| കർത്താവേ അങ്ങേയ്ക്കു സ്തുതി | 120/- | സഹസ്രാബ്ദവും | 15/- |
| ദൈവം സ്നേഹമാകുന്നു | 40/- | ക്രൈസ്തവ വിശ്വാസവും | |
| ഏഷ്യയിലെ സഭ | 45/- | യോഗചര്യയും | 30/- |
| മരിയൻ പ്രബോധനങ്ങൾ | 250/- | കത്തോലിക്കാ വിശ്വാസ സംഗ്രഹം | 30/- |
| സഭയുടെ സാമൂഹിക പ്രബോധനം | 200/- | ജെൻഡർ പോളിസി | 50/- |
| ബന്ധിതർക്കു മോചനം | 250/- | ദിവ്യകാരുണ്യ വീഥിയിൽ | 60/- |
| അൾത്താര ശുശ്രൂഷകർ | 200/- | KCBC Guidlines to deal with sexual | |
| പ്രത്യാശയിൽ രക്ഷ | 40/- | harassment at work place | 30/- |
| സുവിശേഷവത്ക്കരണ | | KCBC Guidelines for safe Environment | |
| സാഹചര്യത്തിൽ കുടുംബങ്ങളെ | | programme for Church personnel | 10/- |
| സംബന്ധിച്ച അജപാലന | | ഭാരതത്തിലെ കത്തോലിക്ക | |
| ശുശ്രൂഷ നേരിടുന്ന വെല്ലുവിളികൾ | 50/- | വിദ്യാലയങ്ങൾക്ക് ഒരു അജപാലന | |
| ക്രിസ്തീയ ധാർമ്മികത | 120/- | പദ്ധതി | 10/- |
| ക്രൈസ്തവ ശബ്ദകോശം | 190/- | ഭർതൃഹരിയുടെ നീതിശതകം | 50/- |
| ക്രൈസ്തവ വിജ്ഞാനീയം | 150/- | പഠനബൈബിൾ | 600/- |
| ജ്ഞാനസ്നാനം നല്കപ്പെട്ട് | | Ordinary Bible | 280/- |
| അയയ്ക്കപ്പെട്ടവർ | 120/- | Bigfont Bible | 485/- |
| കത്തോലിക്കാ സഭയുടെ | | Gift Bible (Deluxe zip cover) | 750/- |
| മതബോധനഗ്രന്ഥം-സംക്ഷേപം | 180/- | Pocket Bible New Testament | 100/- |

www.malankaralibrary.com

# താളുകളിലൂടെ............


എഡിറ്റോറിയൽ 5 - 6

ഡിലെക്സിറ്റ് നോസ്: ഒരു സ്നേഹകാവ്യം
**ഫാ. ഡോ. ജേക്കബ് പ്രസാദ്** 7 - 17

കുത്തിത്തുറക്കപ്പെട്ട വിലാവും തിരുഹൃദയഭക്തിയും
**ഫാ. ഡോ. ഷാജി ജെർമ്മൻ** 18 - 26

59 - ാമത് ലോക സാമൂഹ്യ സമ്പർക്ക ദിനത്തോട നുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകിയ സന്ദേശം 27 - 35

യേശുവിന്റെ പ്രാർഥനകൾ 36 - 37
**ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി**

കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ 38 - 42
**ബ്രദർ തോമസ് പോൾ കൊടിയൻ**

ഗാനമൂല - തിരുഹൃദയത്തോട്
**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി** 43

പാപസർപ്പപിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ
**എം. കോഴിമണ്ണിൽ** 44 - 45

ചെറുകഥ - വസ്ത്രാഞ്ചലം
**എലിസബത്ത് ജെയിംസ്** 46 - 48

കവിത - പ്രണയ ലഹരിയുടെ കാണാപ്പുറങ്ങൾ
**ഡോ. ആശ പി.** 49

കവിത - നല്ല ഭാഗം
**സി. ഹിത സിഎംസി** 50 - 52

കെസിബിസി ബൈബിൾ കമ്മീഷൻ
ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ 53 - 59

വാർത്തകൾ 60 - 65

സമീക്ഷകൻ
**ആന്റണി ചടയംമുറി** 66

www.malankaralibrary.com


# Talent Magazine

**MONTHLY**

A Journal For
Adult Catechesis
From The Secretariat
of KCBC, POC.

**Volume : 47, Issue No. 06, 07**
**June - July 2025**

Place of Publication : Ernakulam
RNI No. KER/MAL/29523/78



| | | |
|---|---|---|
| Chief Editor | : | Rev. Fr. Tony Kozhimannil |
| Managing Editor | : | Rev. Fr. Thomas Tharayil |
| Associate Editor | : | Rev. Dr. Michael Pulickal CMI |
| Editorial Board | : | Rev. Fr. Sebastian Milton Kalappurackal |
| | | Rev. Fr. Kleetus Kathirparambil |
| | | Rev. Dr. Joju Kokkatt |
| | | Dr. K.M. Francis |
| | | Mr. Joy Gothuruth |
| | | Chev. Dr. Premus Perinchery |
| | | Dr. Nycil Romis Thomas |
| Circulation Manager | : | Sr. Solly Chacko DCPB |
| Design & Layout | : | Mrs. Mary Ambily Jose |



**Talent Publication Society**
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, Email : thalenthu@gmail.com

www.malankaralibrary.com

**എഡിറ്റോറിയൽ**

# അവൻ നമ്മെ സ്നേഹിച്ചു





**ഫാ. ടോണി കോഴിമണ്ണിൽ**
ചീഫ് എഡിറ്റർ

**യേ**ശുക്രിസ്തുവിന്റെ തിരുഹൃദയ ഭക്തി സവിശേഷമായ രീതിയിൽ ആചരിക്കുന്ന മാസമാണ് ജൂൺ. യേശുക്രിസ്തുവിന്റെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തെക്കുറിച്ച് പഠിപ്പിക്കുന്ന "അവൻ നമ്മെ സ്നേഹിച്ചു" *(Dilexit Nos)* എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രിക ലേഖനം ഈ തിരുഹൃദയ മാസത്തിൽ കൂടുതൽ മനസിലാക്കുന്നത് ഉചിതമാണല്ലോ. വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ വാക്കുകളുടെ ചുവടുപിടിച്ച് (റോമാ 8:37) ഫ്രാൻസിസ് പാപ്പാ തന്റെ നാലാമത്തെ ചാക്രികലേഖനമായിട്ട് "അവൻ നമ്മെ സ്നേഹിച്ചു" 2024 ഒക്ടോബർ 24-ാം തീയതി നപ്രസിദ്ധപ്പെടുത്തി. യേശുവിന്റെ തുറന്ന ഹൃദയം നമുക്കുമുമ്പേ പോയിട്ടുണ്ടെന്നും അത് വ്യവസ്ഥകളില്ലാതെ സ്നേഹവും സൗഹൃദവും നമുക്കു നല്കാനായി കാത്തിരിക്കുന്നു എന്നും പാപ്പാ ആമുഖ ഖണ്ഡികയിൽത്തന്നെ പറയുന്നു. എന്തെന്നാൽ, യേശുവഴിയായി "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4:16).

ഈ ചാക്രികലേഖനത്തിന് അഞ്ച് അധ്യായങ്ങളാണുള്ളത്. ഒന്നാം അധ്യായം ഹൃദയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. ഹൃദയത്തെക്കുറിച്ചു സംസാരിക്കുക എന്നു പറഞ്ഞാൽ എന്താണെന്ന് ഈ അധ്യായം വ്യക്തമാക്കുന്നു. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായി ഏറെ കലുഷിതവും അസ്വാസ്ഥ്യജനകവുമായ ഇന്നത്തെ സാഹചര്യത്തിൽ ഒരിക്കൽക്കൂടി ഹൃദയത്തെക്കുറിച്ചു സംസാരിച്ചു തുടങ്ങേണ്ടതുണ്ടെന്ന് പാപ്പാ നിരീക്ഷിക്കുന്നു. രണ്ടാം അധ്യായത്തിൽ യേശു തന്റെ പ്രവൃത്തികളും വാക്കുകളും വഴിയായി മനുഷ്യരോടു കാട്ടിയ സ്നേഹ

www.malankaralibrary.com

ത്തിന്റെ ആഴത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. നമ്മെ തന്റെ സ്നേഹിതരായി പരിഗണിച്ച യേശു, ദൈവമെന്നത് അനുകമ്പയുള്ളതും ആർദ്രവുമായ സ്നേഹമാണെന്നു വ്യക്തമാക്കി. മൂന്നാം അധ്യായത്തിൽ തിരുഹൃദയഭക്തിയിൽ യേശുവിന്റെ ശരീരത്തിലെ ഹൃദയം എന്ന ഒരു അവയവത്തെയല്ല, മറിച്ച് യേശുക്രിസ്തു എന്ന വ്യക്തിയെ സമ്പൂർണമായുമാണ് നാം ആരാധിക്കുന്നതെന്നു വിശദീകരിക്കുന്നു. യേശുവിന്റെ മാംസളമായ ഹൃദയത്തെക്കുറിച്ചുള്ള ധ്യാനംവഴി, അവന്റെ മാനുഷികസ്നേഹത്തിന്റെ മാത്രമല്ല ദൈവികസ്നേഹത്തിന്റെ ആഴംകൂടി മനസ്സിലാക്കാൻ നമുക്കു സാധിക്കുന്നു. നാലാം അധ്യായം ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തിയുടെ ചരിത്രപരമായ വേരുകൾ പഴയനിയമത്തിലും പുതിയനിയമത്തിലും ആദ്യകാലസഭാപിതാക്കന്മാരിലും കണ്ടെത്തുന്നു. അഞ്ചാം അധ്യായത്തിൽ ക്രിസ്തുവിന്റെ സ്നേഹംനിറഞ്ഞ ഹൃദയ വുമായി കണ്ടുമുട്ടുമ്പോൾ മനുഷ്യർക്കു സാധാരണഗതിയിൽ ഉണ്ടാകേണ്ട പ്രതികരണത്തെക്കുറിച്ച് പാപ്പാ വിചിന്തനം ചെയ്യുന്നത്. ആ പ്രതികരണം എന്നത് ചുരുക്കത്തിൽ സ്നേഹിക്കാനുള്ള നമ്മുടെ കഴിവിനെ വീണ്ടെടുക്കുന്നതും പരിപോഷിപ്പിക്കുന്നതുമാണ്.

ഇന്നനുഭവപ്പെടുന്ന ശക്തമായ ദൈവനിരാകരണത്തിന്റെയും മതനിരപേക്ഷതയുടെയും സാഹചര്യങ്ങളിൽ ഏറ്റവും സമ്യക്കായ ഒരു പരിഹാരമാണ് ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി എന്ന് പാപ്പ ഉറപ്പിച്ച് പറയുന്നു. സഭയുടെ പോലും നവീകരണത്തിന് ഹൃദയ ധ്യാനം സഹായിക്കും എന്ന നിരീക്ഷണമാണ് പാപ്പ പങ്കുവെക്കുന്നത്. മനുഷ്യൻ മനുഷ്യനോടും പ്രപഞ്ചത്തോടും ദൈവത്തോടും കാണിക്കുന്ന നിസംഗതയ്ക്ക് പരിഹാരം ചെയ്യേണ്ടതായുണ്ട്. അതിനു ഹൃദയം ഉള്ളവരാകുക എന്നതാണ് പ്രധാനം. എവിടെയൊക്കെ സ്നേഹിക്കാനുള്ള കഴിവ് പൂർണമായും നഷ്ടപ്പെടുന്നുവോ, അവിടെയൊക്കെ സ്നേഹം പുനർജീവിപ്പിക്കാൻ ക്രിസ്തുസ്നേഹത്തിലൂടെ മാത്രമേ സാധിക്കൂ. ചുരുക്കത്തിൽ, “ദൈവത്തെയും തങ്ങളെത്തന്നെയും അറിയുന്നതിന് മൂന്നാം സഹസ്രാബ്ദത്തിലെ സ്ത്രീപുരുഷന്മാർക്ക് ക്രിസ്തുവിന്റെ ഹൃദയം ആവശ്യമാണ്; സ്നേഹത്തിന്റെ ഒരു നാഗരികത തന്നെ അവർ പടുത്തുയർത്തേണ്ടിയിരിക്കുന്നു” (§ 80). ക്രിസ്തുവിന്റെ സ്നേഹം കണ്ടെത്തുന്ന ക്രിസ്ത്യാനികളുടെ സാക്ഷ്യംവഴി സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെടും. അത് ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതുയർത്തുന്നതിനും നീതിയുടെയും ശാന്തിയുടെയും സാഹോദര്യത്തിന്റെയും ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനും ഉപകരിക്കും (§ 206). മഹാജൂബിലിയുടെയും സഭാ നവീകരണത്തിന്റെയും ഈ അവസരത്തിൽ തിരുഹൃദയ ഭക്തിയുടെ യാഥാർത്ഥമായ ചൈതന്യം കേരള സഭയെ സ്നേഹിക്കുന്ന സഭയായി രൂപാന്തരപ്പെടുത്തട്ടെ.

*

www.malankaralibrary.com

ലേഖനം

# ഡിലെക്സിറ്റ് നോസ്: ഒരു സ്നേഹകാവ്യം






ഫാ. ഡോ. ജേക്കബ് പ്രസാദ്

'അവൻ നമ്മെ സ്നേഹിച്ചു' *(Dilexit Nos)* എന്ന വിശുദ്ധ പൗലോസ് അപ്പോസ്തലിന്റെ വാക്കുകളുടെ ചുവടുപിടിച്ച് (റോമാ 8:37 കാണുക) ഫ്രാൻസിസ് പാപ്പാ തന്റെ നാലാമത്തെ ചാക്രികലേഖനം 2024 ഒക്ടോബർ 24-ാം തീയതി പ്രസിദ്ധപ്പെടുത്തി. ഈ ലേഖനം യേശുക്രിസ്തുവിന്റെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. യേശുവിന്റെ തുറന്നഹൃദയം നമുക്കുമുമ്പേ പോയിട്ടുന്നെും അത് വ്യവസ്ഥകളില്ലാതെ സ്നേഹവും സൗഹൃദവും നമുക്കു നല്കാനായി കാത്തിരിക്കുന്നു എന്നും പാപ്പാ ആമുഖ ഖണ്ഡികയിൽത്തന്നെ പറയുന്നു. എന്തെന്നാൽ, യേശുവഴിയായി 'ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു' (1 യോഹ 4:16) (§ 1).

വിശുദ്ധ ജോൺ പോൾ രണ്ടാമൻ (1978 - 2005) വ്യത്യസ്തങ്ങളായ വിഷയങ്ങൾ പ്രതിപാദിച്ചപ്പോഴും അദ്ദേഹിന്റെ പ്രബോധനം മുഖ്യമായും ക്രിസ്തുവിജ്ഞാനീയത്തിലധിഷ്ഠിതമായിരുന്നു. ഉദാഹരണത്തിന്, മനുഷ്യരക്ഷകൻ (1979), രക്ഷകന്റെ അമ്മ (1987), രക്ഷകന്റെ സംരക്ഷകൻ (1989), രക്ഷകന്റെ ദൗത്യം (1990) എന്നീ ചാക്രികലേഖനങ്ങൾ. യേശുക്രിസ്തുവഴിയാണ് മനുഷ്യരക്ഷ എന്നു വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ഊന്നിപ്പറഞ്ഞു. ബെനഡിക്ട് പതിനാറാമൻ പാപ്പാ (2005-

www.malankaralibrary.com

2013) കൂടുതലും ദൈവവിജ്ഞാനീയപരമായ സമീപനമാണ് സ്വീകരിച്ചത്. ദൈവം സ്നേഹമാകുന്നു (2005), പ്രത്യാശയിൽ രക്ഷ (2007), സത്യത്തിൽ സ്നേഹം (2009) എന്നിവ ഇക്കാര്യം വ്യക്തമാക്കും.

ഫ്രാൻസിസ് പാപ്പാ മുമ്പെഴുതിയ 'കർത്താവേ, അങ്ങേക്കു സ്തുതി,' (2015) 'എല്ലാവരും സഹോദരര്' (2020) എന്നീ ചാക്രികലേഖനങ്ങൾക്ക് ക്രിസ്തുകേന്ദ്രീകൃതത്വത്തിൽ കുറവുണ്ടായിരുന്നു എന്ന വിമർശനത്തിനു പരിഹാരമെന്നവിധം ഈ പുതിയ ലേഖനം നിലകൊള്ളുന്നു. പാപ്പാ എഴുതുന്നു: 'ക്രിസ്തുവിന്റെ സ്നേഹവുമായുള്ള നമ്മുടെ കണ്ടുമുട്ടലിൽ, സാമൂഹികചാക്രികലേഖനങ്ങളായ 'കർത്താവേ, അങ്ങേക്കു സ്തുതി,' 'എല്ലാവരും സഹോദരര്' എന്നിവയിലെ പ്രബോധനങ്ങളുമായി ബന്ധമില്ലാത്തതല്ലെന്നു കണ്ടെത്താൻ ഈ രേഖ നമുക്ക് സഹായകമാകും. എന്തെന്നാൽ, അതേസ്നേഹം പാനംചെയ്യുകവഴിയാണ് നാം പരസ്പരമുള്ള സാഹോദര്യത്തിന്റെ ഇഴകൾ ബന്ധിപ്പിക്കാൻ പ്രാപ്തരാകുന്നത്; അതുവഴിയാണ് ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം നാം അംഗീകരിക്കുന്നതും നമ്മുടെ പൊതുഭവനം സംരക്ഷിക്കുന്നതിൽ നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാൻ കഴിയുന്നതും' (§ 217).

## ലേഖനഘടന

ഈ ചാക്രികലേഖനത്തിന് ആമുഖവും (§ 1) ഉപഹസംഹാരവും (§217-220) ഒഴികെ അഞ്ച് അധ്യായങ്ങളാണുള്ളത്. ഒന്നാം അധ്യായത്തിൽ ഹൃദയത്തിന്റെ പ്രാധാന്യക്കുറിച്ചു പറയുന്നു. പുരാതന യവനസംസ്കാരത്തിലും ബൈബിളിലും ഹൃദയത്തെക്കുറിച്ചു സംസാരിക്കുക എന്നു പറഞ്ഞാൽ എന്താണെന്ന് ഈ അധ്യായം വ്യക്തമാക്കുന്നു. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായി ഏറെ കലുഷിതവും അസ്വാസ്ഥ്യജനകവുമായ ഇന്നത്തെ സാഹചര്യത്തിൽ ഒരിക്കൽക്കൂടി ഹൃദയത്തെക്കുറിച്ചു സംസാരിച്ചുതുടങ്ങേണ്ടതുണ്ട്.

രണ്ടാം അധ്യായത്തിൽ യേശു തന്റെ പ്രവൃത്തികളും വാക്കുകളും വഴിയായി മനുഷ്യരോടു കാട്ടിയ സ്നേഹത്തിന്റെ ആഴത്തെക്കുറിച്ചാണ് ചിന്ത. നമ്മെ സ്നേഹിതരായി കണക്കാക്കി നമ്മോടു പെരുമാറിയ യേശു, ദൈവം സാമീപ്യവും അനുകമ്പയും സ്നേഹവുമാണെന്നു കാണിച്ചുതന്നു. വെള്ളംകോരാൻ വന്ന സമരിയാക്കാരി, രാത്രിയുടെ ഇരുട്ടിൽ തന്നെ കാണാൻ വന്ന നിക്കോദേമൂസ്, തന്റെ പാദങ്ങൾ കഴുകിയ പാപിനി, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ എന്നിവരോടൊക്കെയുള്ള യേശുവിന്റെ സമീപനം ആർദ്രസ്നേഹത്തിന്റേതാണ് (§ 35).

www.malankaralibrary.com



മൂന്നാം അധ്യായത്തിൽ തിരുഹൃദയഭക്തിയിൽ യേശുവിന്റെ ശരീരത്തിലെ ഒരു അംഗത്തെയല്ല, മറിച്ച് യേശുക്രിസ്തു എന്ന വ്യക്തിയെ പൂർണമായാണ് നാം ആരാധിക്കുന്നത് എന്നു പാപ്പാ വ്യക്തമാക്കുന്നു (§ 48). യേശുവിന്റെ മാംസളമായ ഹൃദയത്തെക്കുറിച്ചുള്ള ധ്യാനം അവന്റെ മാനുഷികസ്നേഹവും ദൈവികസ്നേഹവും മനസ്സിലാക്കാൻ ഇടയാക്കുന്നു; അപരിമേയമായതിനെ പരിമിതമായതിൽ (§ 67). എന്നാൽ, ശക്തമായ ദൈവനിരാകരണമാണ് (secularization) നമുക്ക് ഇന്നനുഭവപ്പെടുന്നത് (§ 87). അതിനുള്ള ഒരു പരിഹാരമാണ് ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി.

നാലാം അധ്യായം ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തിയുടെ ചരിത്രപരമായ വേരുകൾ പഴയനിയമത്തിലും പുതിയനിയമത്തിലും ആദ്യകാല സഭാപിതാക്കന്മാരിലും കണ്ടെത്തുന്നു. ഈ ഭക്തിയുടെ നീണ്ടചരിത്രവും അനേകം വിശുദ്ധരുടെ ജീവിതങ്ങളിൽ അതു ചെലുത്തിയ സ്വാധീനവും കണക്കിലെടുക്കുമ്പോൾ അത് ഗതകാലത്തുനിന്നുള്ള ഒരു തിരുശേഷിപ്പായി കാണാനാകില്ല (§ 149). ഇവിടെ വിശുദ്ധരായ ഫ്രാൻസിസ് ദേ സാലസ്, കൊച്ചുത്രേസ്യ, ചാൾസ് ദേ ഫുക്കോ എന്നിവരുടെ ഉൾക്കാഴ്ചകൾ പാപ്പാ ഉപയോഗപ്പെടുത്തുന്നു.

അഞ്ചാം അധ്യായം ക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞ ഹൃദയവുമായി കണ്ടുമുട്ടുമ്പോൾ മനുഷ്യർക്കു ഉണ്ടാകേണ്ട പ്രതികരണം എന്തായിരിക്കണം എന്ന വിചിന്തനം നടത്തുന്നു. മനുഷ്യർ കാണിക്കുന്ന കൃതഘ്നതയ്ക്ക് പരിഹാരം ചെയ്യേണ്ടതായുണ്ട് എന്ന് യേശു വിശുദ്ധ മാർഗരറ്റ് മേരി അലക്കോക്കിനോടു പറഞ്ഞു. പാപപരിഹാരത്തിന്റെ സാമൂഹിക വശത്തിലേക്ക് പാപ്പാ ഇവിടെ കടക്കുന്നു.

www.malankaralibrary.com

"എവിടെയൊക്കെ സ്നേഹിക്കാനുള്ള കഴിവ് പൂർണമായും നഷ്ടപ്പെട്ടു എന്നു നാം കരുതുന്നുവോ, അവിടെയൊക്കെ സ്നേഹം പുനർജീവിപ്പിക്കാൻ ക്രിസ്തുസ്നേഹത്തിനു സാധിക്കും" എന്നു ഉപസംഹരിക്കുന്നു (§ 218). ഈ ചെറിയ ലേഖനത്തിൽ ആദ്യ മുന്ന് അധ്യായങ്ങളിലേക്കുമാത്രമേ നാം പ്രവേശിക്കുന്നുള്ളൂ; മറ്റ് രണ്ട് അധ്യായങ്ങൾ വേറൊരു ലേഖകൻ പ്രതിപാദിക്കും.

## ഹൃദയഭാവം

ഉപരിപ്ലവതയുടെയും കമ്പോളഗതിയുടെയും അടിമകളായിരിക്കുന്ന നമുക്ക് ജീവിതത്തിന്റെ അർഥത്തെക്കുറിച്ചു ചിന്തിക്കാൻ താത്പര്യമില്ലാതിരിക്കുമ്പോൾ, ഹൃദയത്തിന്റെ പ്രാധാന്യം വീണ്ടും കണ്ടെത്തേണ്ടതുണ്ട് എന്ന് ഒന്നാം അധ്യായം പറയുന്നു[2]. അത് എല്ലാറ്റിനും അടിസ്ഥാനമായി നില്ക്കുകയും എല്ലാത്തരം ബാഹ്യരൂപങ്ങൾക്കും പിന്നിൽ ആയിരിക്കുകയും ചെയ്യുന്നു [4]. മാത്രമല്ല, നമ്മെ വഴിതെറ്റിക്കാൻ ഇടയുള്ള ഉപരിപ്ലവമായ ചിന്തകൾക്ക് പിന്നിലും അതുണ്ട്. നാം യഥാർഥത്തിൽ എന്തായിരിക്കുന്നു എന്നതിന്റെ അടിസ്ഥാനം അതാണ്[6]. ഞാൻ ആരാണ്? എന്താണ് ഞാൻ അന്വേഷിക്കുന്നത്? എന്റെ ജീവിതത്തിന്, തീരുമാനങ്ങൾക്ക്, പ്രവൃത്തികൾക്ക് എന്തു ദിശാബോധമാണ് ഞാൻ നല്കുന്നത്? എന്തിന്, എന്ത് ഉദ്ദേശ്യത്തോടെയാണ് ഞാൻ ഈ ലോകത്തിൽ ആയിരിക്കുന്നത്? എന്റെ ജീവിതം അവസാനിക്കുമ്പോൾ എങ്ങനെയാണ് ഞാൻ അതിനെ നോക്കിക്കാണേണ്ടത്? എന്റെ അനുഭവങ്ങൾക്കെല്ലാം എന്ത് അർഥമാണ് ഞാൻ നല്കേണ്ടത്? അന്യർക്കുവേണ്ടി ഞാൻ ആരായാണ് വർത്തിക്കേണ്ടത്? ദൈവത്തിനു ഞാൻ ആരാണ്? ഈ ചോദ്യങ്ങളെല്ലാം നമ്മെ ഹൃദയത്തിലേക്ക് കൊത്തിക്കുന്നു [8].

ഇന്ന് ഹൃദയത്തിനു മൂല്യാപകർഷം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു കാരണം യവനവും ക്രൈസ്തവികതയ്ക്ക് മുമ്പുള്ളതുമായ യുക്തിവാദവും (rationalism) ക്രൈസ്തവികതയ്ക്കുശേഷമുള്ള ആദർശ വാദവും (idealism) ഭൗതികവാദവും (materialism) ആണ്. തത്ത്വശാസ്ത്രപാരമ്പര്യങ്ങൾ യുക്തി (reason), ഇച്ഛാശക്തി (will), തത്ഫലമായ സ്വാതന്ത്ര്യം (freedom) എന്നിവ എല്ലാറ്റിനുമുപരി പ്രതിഷ്ഠിച്ചു. അത് ഹൃദയത്തിന്റെ സ്ഥാനം ഇല്ലാതാക്കി; അത് വ്യക്തിയുടേതായ ഒരു കേന്ദ്രബിന്ദു എന്ന ആശയം ചുരുക്കിക്കളഞ്ഞു. എന്നാൽ സ്നേഹമാണ് ആത്യന്തികമായ ഏകയാഥാർഥ്യം; അതിനാണ് മറ്റെല്ലാറ്റിനെയും ഒന്നിപ്പിക്കാൻ കഴിയുന്നത് [10]. അത് ഹൃദയഭാവമാണ്.

ഹൃദയത്തിനു വിലകല്പിക്കാതിരുന്നാൽ, മറ്റു മനുഷ്യരുമായുള്ള നമ്മുടെ കണ്ടുമുട്ടലുകളുടെ സമ്പന്നത നമുക്കു നഷ്ടമാകും; കാവ്യാത്മ

www.malankaralibrary.com

കതയും ചരിത്രപരതയും നമുക്കില്ലാതാകും; നമ്മുടെതന്നെ ഗതകാലവും; എന്തെന്നാൽ, നമ്മുടെ വ്യക്തിപരമായ യഥാർഥചരിത്രം ഹൃദയത്തിലൂടെയാണ് കരുപ്പിടിപ്പിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതാന്ത്യത്തിൽ അതു മാത്രമാവും അർഥവത്തായിരിക്കുന്നത് [11]. ഞാനെന്നത് എന്റെ ഹൃദയമാണന്ന്; എന്റെ ഹൃദയമാണ് എന്നെ വ്യത്യസ്തനാക്കുന്നത്; അതാണ് എന്റെ ആത്മീയസ്വത്വത്തെ നിർണയിക്കുന്നത്; അതാണ് എന്നെ മറ്റു മനുഷ്യരുമായുള്ള സഹവർത്തിത്വത്തിൽ നിലനിർത്തുന്നത്. ഡിജിറ്റൽ (അക്കങ്ങളുടെ) ലോകത്ത് പ്രവർത്തിക്കുന്ന നിർധരണികൾ (algorithms) ഇന്നു വെളിപ്പെടുത്തുന്നത്, നമ്മുടെ ചിന്തകളും നമ്മുടെ ഇച്ഛാശക്തിയും നാം മുമ്പ് വിചാരിച്ചിരുന്നതിലേറെയായി കൂടുതൽ "ഏകതാനതയുള്ളവ" (uniform) ആണെന്നത്രേ. അവ എളുപ്പം പ്രവചിക്കപ്പെടാവുന്നതും അതിനാൽ കൗശലപൂർവം സ്വാധീനിക്കപ്പെടാവുന്നവയുമാണ് (ഉദാ., നിർമിതബുദ്ധി). എന്നാൽ, അപ്രകാരമല്ല ഹൃദയത്തിന്റെ കാര്യം [14].

## ഹൃദയത്തിലേക്കു തിരയെ

ഹൃദയത്തിൽനിന്ന് ആരംഭിച്ച് നമുക്ക് ലോകത്തെ വ്യത്യസ്തമാക്കാനാകും. ഹൃദയം അംശങ്ങൾ സംയോജിപ്പിക്കുന്നു. ഹൃദയം ശരിയായ ബന്ധങ്ങൾ സാധ്യമാക്കുന്നു; ഹൃദയം വഴിയായി രൂപപ്പെടാത്ത ഒരു ബന്ധത്തിന് വൈയക്തികതയാൽ നടക്കുന്ന ശിഥിലീകരണം മറികടക്കാനാവില്ല. മറ്റു മനുഷ്യരോടും ദൈവത്തോടും നാം തുറവുള്ളവരാകണമെങ്കിൽ, നാമൊരു "അതിഥി മന്ദിരം" പണിയണം (Heidegger) [17]. നാം നാമായി ഭവിക്കുന്നത് നാം എത്രമാത്രം അന്യരെ അംഗീകരിക്കാനുള്ള കഴിവ് സ്വായത്തമാക്കുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും [18]. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച പരിശുദ്ധ കന്യക മറിയം ഒരു ഉത്തമ ഉദാഹരണമാണ് [19].

നിർമിതബുദ്ധിയുടെ ഇക്കാലഘട്ടത്തിൽ മനുഷ്യരാശിയെ രക്ഷിക്കാൻ കവിതയും സ്നേഹവും ആവശ്യമാണ്. ഉദാ., നാം എവിടെ ജീവിച്ചാലും നമുക്ക് എത്ര വയസ്സായാലും നമ്മുടെ അമ്മമാരെയും മുത്തശ്ശിമാരെയും സഹായിച്ചു



www.malankaralibrary.com

കൊണ്ട് വീട്ടിലുണ്ടാക്കിയ മധുരപലഹാരം തയ്യാറാക്കുന്നതിനായി നാം ആദ്യമായി ഒരു മുൾക്കരി ഉപയോഗിച്ചതിന്റെ ഗൃഹാതുരത്വം ഒരു നിർധരണിക്കും (algorithm) വിവരിക്കാവുന്നതല്ല. അത് പാചകവിധിയുടെയും തൊഴിൽ പരിശീലനപാഠത്തിന്റെയും ആദ്യ നിമിഷങ്ങളായിരുന്നു; കുട്ടിക്കളിയുടെയും മുതിർന്ന ആളാകുന്നതിന്റെയും ഇടയിലുള്ള ഭാവമായിരുന്നു; അപ്പോഴാണ് ജോലി ചെയ്യുന്നതിന്റെയും അന്യരെ സഹായിക്കുന്നതിന്റേതുമായ ആദ്യാനുഭവം നമുക്കുണ്ടായത് [20].

## ആത്മീയ സപര്യ

ഇപ്പറഞ്ഞവയെല്ലാംതന്നെ ആധ്യാത്മിക ജീവിതത്തിൽ അനുരണനങ്ങൾ ഉളവാക്കുന്നവയാണ്. ഉദാ., വിശുദ്ധ ഇഗ്നേഷ്യസ് ലെയോളയുടെ ആത്മീയതയിൽ കർത്താവിന്റെ സൗഹൃദം സ്വീകരിക്കുന്നത് ഹൃദയത്തിന്റെ പ്രവൃത്തിയാണ് [24]. എവിടെ തത്ത്വശാസ്ത്രജ്ഞന്റെ ചിന്തയ്ക്കു വിരാമം ഇടുന്നോ, അവിടെനിന്നു വിശ്വാസി സ്നേഹത്തിലും ആരാധനയിലും മുന്നോട്ടു ഗമിക്കുന്നു[25]. വിശുദ്ധ ജോൺ ഹെൻറി ന്യൂമാന്റെ ആപ്തവാകം, "ഹൃദയം ഹൃദയത്തോടു മന്ത്രിക്കുന്നു" *(Cor ad cor loquitur)* എന്നായിരുന്നു. കാരണം, നമ്മുടെ എല്ലാ ചിന്തകൾക്കും ആശയങ്ങൾക്കും ഉപരിയായി കർത്താവ് തന്റെ തിരുഹൃദയത്തിൽ നിന്ന് നമ്മുടെ ഹൃദയങ്ങളോടു സംസാരിച്ചുകൊണ്ടാണ് നമ്മെ രക്ഷിക്കുന്നത്. അങ്ങനെ സജീവനായ യേശുവിന്റെ സന്നിധേയാണ് ആത്മാവിനാൽ പ്രശോഭിതരായി, അവന്റെ വാക്കുകൾ മനസ്സിലാക്കാനും അവ പ്രവൃത്തിപഥത്തിൽ എത്തിക്കാനും നമ്മുടെ ഇച്ഛാശക്തി നയിക്കപ്പെടുന്നത് [27].

ഹൃദയത്തിൽനിന്ന് ആരംഭിച്ചെങ്കിൽ മാത്രമേ നമ്മുടെ സമൂഹങ്ങൾക്ക് വ്യത്യസ്തരൂപങ്ങളിൽ ആയിരിക്കുന്ന മനസ്സുകളെയും ഇച്ഛാശക്തികളെയും ഒന്നിച്ചുകൊണ്ടുവരാനും അനുരഞ്ജനപ്പെടുത്താനും സാധിക്കുകയുള്ളൂ; അപ്പോഴാണ് ആത്മാവിന് നമ്മെ സഹോദരീസഹോദരന്മാർ എന്ന നിലയിൽ ഐക്യത്തിൽ നയിക്കാനാകുന്നത്. അനുരഞ്ജനവും സമാധാനവും ഹൃദയത്തിൽനിന്നാണ് ജനിക്കുന്നത് [28]. ക്രിസ്തുവിന്റെ ഹൃദയം "പരമാനന്ദവും" (ecstasy), തുറവും ദാനവും കണ്ടുമുട്ടലുമാണ്. സമഗ്രവും സന്തുഷ്ടവുമായവിധത്തിൽ പരസ്പരം ബന്ധപ്പെടുന്നത് എങ്ങനെയെന്ന് ആ ഹൃദയത്തിൽനിന്നു നാം പഠിക്കുന്നു; അതോടൊപ്പം ഈ ലോകത്തിൽ ദൈവരാജ്യത്തിന്റെ സ്നേഹവും നീതിയും എങ്ങനെ കെട്ടിപ്പടുക്കണമെന്നും നാം മനസ്സിലാക്കുന്നു. അങ്ങനെ യേശുവിന്റെ ഹൃദയവുമായി ഒന്നായിത്തീരുന്ന നമ്മുടെ

www.malankaralibrary.com

ഹൃദയങ്ങൾ ഈ "സാമൂഹ്യ അദ്ഭുതം" (social miracle) നടപ്പിലാക്കാൻ പ്രാപ്തമായിത്തീരുന്നു [28]. അതിനാൽ, നമുക്ക് ക്രിസ്തുവിന്റെ ഹൃദയത്തിലേക്ക്, അവന്റെ അസ്തിത്വത്തിന്റെ അകക്കാമ്പിലേക്കു, തിരിയാം; അത് ദൈവ സ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും കത്തിജ്ജ്വലിക്കുന്ന തീച്ചൂളയാണ്; അതാണ് മനുഷ്യരാശിക്ക് സമുന്നത സാക്ഷാത്കാരത്തിനായി ആശിക്കാവുന്ന ഇടം. ആ ഹൃദയത്തിൽ, ഒടുവിൽ, നമുക്കു നമ്മെത്തന്നെ സത്യമായി അറിയാനും എങ്ങനെ സ്നേഹിക്കണം എന്ന് പഠിക്കാനും സാധിക്കും [30]. ഈ പശ്ചാത്തലത്തിൽ പാപ്പാ പ്രാർഥിക്കുന്നു: ക്രിസ്തുവിന്റെ പ്രകാശത്തിന്റെയും സ്നേഹത്തിന്റെയും സമ്പത്ത് ഈ ലോകത്തിന്റെമേൽ ചൊരിയുമാറാകട്ടെ; അങ്ങനെ യുദ്ധങ്ങളും സാമൂഹ്യ-സാമ്പത്തിക അസമത്വങ്ങളും, മനുഷ്യരാശിയുടെ മേൽത്തന്നെ ഭീഷണി ഉയർത്തുന്ന സാങ്കേതിക വിദ്യയുടെ ഉപയോഗങ്ങളും ഉണ്ടെങ്കിൽപ്പോലും, മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഈ ലോകം, അതീവ പ്രാധാന്യമുള്ളതും എല്ലാറ്റിനും ഉപരിയായി ആവശ്യമുള്ളതുമായതിനെ തിരിച്ചു പിടിക്കാൻ ഇടവരട്ടെ, അതായത്, അതിന്റെ ഹൃദയത്തെ തന്നെ [31].

## യേശുഗാഥ

ഫ്രാൻസിസ് പാപ്പായുടെ ഇതര ചാക്രികലേഖനങ്ങളിൽ കാണുന്നതുപോലെ രണ്ടാം അധ്യായം എപ്പോഴും വചനവിചിന്തനത്തിനുള്ളതാണ്. യേശു തന്റെ പ്രവൃത്തികളും വാക്കുകളും വഴിയായി മനുഷ്യരോടു കാട്ടിയ സ്നേഹത്തിന്റെ ആഴമാണ് ഈ രണ്ടാം അധ്യായത്തിന്റെ അപഗ്രഥനവിഷയം. നമ്മെ സ്നേഹിതരായി കണക്കാക്കി നമ്മോടു പെരുമാറിയ യേശു, ദൈവം സാമീപ്യവും അനുകമ്പയും സ്നേഹവുമാണെന്നു കാണിച്ചുതന്നു.

യേശുവിന്റെ നോട്ടം നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങൾ അളക്കുകയും നമ്മെക്കുറിച്ച് എല്ലാം അറിഞ്ഞിട്ട് തന്റെ കടാക്ഷം നമ്മുടെമേൽ പതിക്കുകയും ചെയ്യും [39]. എല്ലാവരും നമ്മെ അവ



www.malankaralibrary.com

ഗണിക്കുന്നെന്നും നമുക്ക് എന്തു സംഭവിക്കുന്നു എന്ന് ആരും അന്വേഷിക്കുന്നില്ലെന്നും നാം ആർക്കും പ്രധാനപ്പെട്ടവരല്ലെന്നും നമുക്കു തോന്നുമ്പോഴും അവൻ നമ്മെക്കുറിച്ച് കരുതലുള്ളവനാണ്. പീലിപ്പോസ് അത്തിമരത്തിന്റെ ചുവട്ടിലായിരിക്കുമ്പോൾത്തന്നെ യേശു അവനെ കണ്ടു (യോഹ 1:48) [40]. ശതാധിപന്റെ നല്ല നിയോഗങ്ങളെയും പ്രവൃത്തികളെയുംകുറിച്ച് മറ്റുള്ളവർ അറിയാതിരിക്കുമ്പോൾത്തന്നെ യേശു അവ കാണുകയും വിലമതിക്കുകയും ചെയ്തു [41] (മത്താ 8:10).

സുവിശേഷകർ പലപ്പോഴും അവനെ തന്റെ ശക്തിയിലും മഹത്ത്വത്തിലും അവതരിപ്പിക്കുമ്പോൾത്തന്നെ, മരണത്തിന്റെ മുമ്പിലും തന്റെ സുഹൃത്തുക്കളുടെ വേദനയുടെ അവസരത്തിലും യേശു പ്രകടിപ്പിച്ച വികാരതീവ്രതയും വിവരിക്കുന്നു. ലാസറിന്റെ ശവകുടീരത്തിനു മുൻപിൽ നിന്നുകൊണ്ട് യേശു "കരയാൻ തുടങ്ങി" (യോഹ 11:35). അവന്റെ ആന്തരിക സംഘർഷത്തിന്റെ അതിശക്തമായ പ്രകാശനമായിരുന്നു കുരിശിലെ നിലവിളി, "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു" (മർക്കോ 15:34) [45] എന്നത്. യേശുവിന്റെ കുരിശാണ് സ്നേഹത്തിന്റെ വശ്യവചസ്സ്. അത് ആഴമില്ലാത്തതോ, വൈകാരികമോ, കേവലം പ്രചോദനാത്മകമോ ആയ വചനമല്ല. അത് സ്നേഹമാണ്, പരിശുദ്ധമായ സ്നേഹംമാത്രം. "എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടിതന്നത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രൻ" (ഗലാ 2:20) എന്നാണ് പൗലോസിന്റെ ഭാഷ്യം (46).

## കരകവിയുന്ന സ്നേഹം

യേശു എന്ന വ്യക്തിയെ മാറ്റിനിർത്തിക്കൊണ്ട് അവന്റെ ശരീരത്തിലെ ഒരു അവയവത്തോടുള്ള വണക്കമല്ല ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി എന്നു ഫ്രാൻസിസ് പാപ്പാ ഈ മൂന്നാം അധ്യായത്തിൽ പഠിപ്പിക്കുന്നു. നമ്മൾ ധ്യാനവിഷയമാക്കി ആരാധിക്കുന്നത് യേശുക്രിസ്തുവിനെ പൂർണമായാണ്; എന്നാൽ, മനുഷ്യനായിത്തീർന്ന ദൈവപുത്രനെ പ്രതിനിധാനം ചെയ്യുന്ന അവന്റെ ഹൃദയം എന്ന പ്രതിരൂപത്തിനു പ്രാധാന്യം നല്കികൊണ്ടാണത് എന്നുമാത്രം [48].

യേശുവെന്ന വ്യക്തിയോടുള്ള നമ്മുടെ ബന്ധം മുഖ്യമായും സൗഹൃദത്തിന്റെയും ആരാധനയുടെതുമാണെന്ന് മനസ്സിലാക്കുന്നത് പ്രധാനപ്പെട്ട കാര്യമാണ്; അത് അവന്റെ ഹൃദയം എന്ന പ്രതിരൂപത്തോടു ചേർത്ത് അവന്റെ സ്നേഹത്താൽ ആകർഷിക്കപ്പെടുന്നതുവഴിയാണ്. എന്നാൽ എന്തുകൊണ്ട് ഹൃദയമെന്ന പ്രതിരൂപം എന്ന ചേദ്യം ഉയരുന്നു? ഹൃദയത്തിന്റെ ചിത്രം മാംസളമായതിനെക്കുറിച്ചും ഭൗമിക യാഥാർഥ്യങ്ങളെക്കുറിച്ചും സംസാരിക്കുന്നു. ഈ രീതിയിൽ നമ്മിൽ ഒരുവനും അങ്ങനെ ചരിത്രത്തിന്റെ ഭാഗവും ഈ ഭൂമിയിൽ

www.malankaralibrary.com

നമ്മുടെ സഹയാത്രികനാകാനും ആഗ്രഹിച്ച ദൈവത്തിലേക്ക് അത് വിരൽചൂന്നുന്നു. തികച്ചും ആകാരമില്ലാത്തതും (abstract) ഏറെ പരിഷ്കരിക്കപ്പെട്ടതുമായ (stylized) ഒരു ഭക്തി സുവിശേഷത്തോടു പൂർണമായി വിശ്വസ്തത പുലർത്തുന്ന താവുകയില്ല [58].

ഇതൊരു സ്പർശനീയമായ സ്നേഹമാണ്. നാം നമ്മുടെ ഹൃദയങ്ങൾ മറ്റുള്ളവർക്കായി തുറന്നുവച്ചില്ലെങ്കിൽ നമുക്ക് മനുഷ്യരെന്ന നിലയിൽ സ്വയം സാക്ഷാത്കാരത്തിൽ എത്തിച്ചേരാനാവില്ല എന്ന യാഥാർഥ്യം ഇത് പറയുന്നു; സ്നേഹത്തിലൂടെ മാത്രമേ പൂർണമായും നാമായിത്തീരാൻ നമുക്കു സാധിക്കുകയുള്ളൂ. സ്നേഹിക്കാൻ പഠിച്ചെങ്കിൽമാത്രമേ സ്നേഹത്തിനായി സൃഷ്ടിക്കപ്പെട്ട നാം നമ്മുടെ ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കുകയുള്ളൂ. ആ സ്നേഹത്തിന്റെ പ്രതീകമാണ് ഹൃദയം [59]. യാഥാർഥത്തിൽ ദൈവം സൃഷ്ടി നടത്തിയത് ശൂന്യതയിൽ നിന്നല്ല, സ്നേഹത്തിൽനിന്നാണ് (not ex nihilo but ex amore (GS [സഭ ആധുനീക ലോകത്തിൽ], 2 കാണുക).

## ത്രിതൈക ദൈവമാനം

കർത്താവിന്റെ ഹൃദയത്തിനു ത്രിവിധമാനങ്ങളുള്ള ഒരു സ്നേഹമാണുള്ളത്: (i) അവന്റെ അനന്ത ദൈവികസ്നേഹം; (ii) അവന്റെ മാനുഷികതയുടെ ഭാവമായ ഹൃദയത്തിന്റെ മാംസള സ്നേഹം; (iii) ഇവ രണ്ടും ഒരുമിച്ചുചേരുന്ന ആധ്യാത്മിക സ്നേഹം [65]; അങ്ങനെ നാം 'അപരിമേയമായതിനെ പരിമിതമായതിൽ' കണ്ടെത്തുന്നു [65]. യേശുവിന്റെ ഹൃദയത്തോടുള്ള ഭക്തിക്ക് ത്രിത്വൈകദൈവ കാഴ്ചപ്പാടുകളും ഉണ്ട്. ജീവന്റെ സ്രോതസ്സും കൃപയുടെ കലവറയുമായ പിതാവിന്റെ പക്കലേക്ക് നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ വഴിയായി ക്രിസ്തുവിന്റെ ഹൃദയമായുള്ള നമ്മുടെ ബന്ധം പരിവർത്തിതമാകുന്നു. അവനിൽ സ്ഥിരമായി നില്ക്കുക എന്നതല്ല ക്രിസ്തു നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്. തന്റെ ഹൃദയത്തിൽനിന്ന് ഉതിർക്കുന്ന ആത്മാവിനാൽ പ്രേരിതരായി, നമ്മൾ പിതാവിലേക്ക് ആരോഹണം ചെയ്യണം എന്നതാണ് അവന്റെ ആഗ്രഹം [77].

## യോഗാത്മക ദർശനങ്ങൾ

ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി ക്രിസ്തീയ ജീവിതത്തിന് അനിവാര്യമാണ്; കർത്താവിന്റെ സ്നേഹത്തിന്റെ രഹസ്യത്തോടുള്ള നമ്മുടെ തുറവും ആരാധനയും അത് പ്രകാശിപ്പിക്കുന്നു. അതിനാൽ തിരുഹൃദയം സുവിശേഷത്തിന്റെ ഒരു സംക്ഷേപമാണ്. എന്നാൽ, ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി പ്രോത്സാഹിപ്പിച്ച ചില വിശുദ്ധർക്ക് ഉണ്ടായതായി വിവരിക്കുന്ന ദർശനങ്ങളോ യോഗാത്മക പ്രത്യക്ഷങ്ങളോ (visions or mystical showings) ദൈവവചനം ആണെന്ന


www.malankaralibrary.com




വിധം വിശ്വാസികൾ വിശ്വസിക്കാൻ ബാധ്യസ്ഥരല്ല [83]. പക്ഷേ, അവ പ്രോത്സാഹനപരമായ സമ്പന്ന സ്രോതസ്സുകളാണ്; അക്കാരണത്താൽ, അവ വളരെയധികം ഉപകാരപ്രദമാകാം; ഒരാളും അവ പിന്തുടരാൻ ബാധ്യസ്ഥരല്ലാതിരിക്കുമ്പോൾത്തന്നെ അവ ഓരോ വ്യക്തിയുടെയും ആത്മീയ യാത്രയിൽ ഉപകാരപ്രദമാകാതിരിക്കണമെന്നില്ല. അതേസമയം, പന്ത്രണ്ടാം പീയൂസ് പാപ്പാ ചൂണ്ടിക്കാണിച്ചതുപോലെ, "ഈ ഭക്തിയുടെ ആരംഭം സ്വകാര്യവെളിപാടുകളിൽ നിന്നാണെന്ന്" പറയാനാവില്ല [83].

## മുക്തിദായക സ്നേഹം

നമ്മുടെ സമൂഹങ്ങളും അജപാലകരും അമിതമായി ബാഹ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഒരുതരം ദ്വന്ദ്വഭാവത്തിൽനിന്നു ക്രിസ്തുവിന്റെ ഹൃദയം നമ്മെ സ്വതന്ത്രരാക്കുന്നു എന്നു പാപ്പാ കൂട്ടിച്ചേർക്കുന്നു. അതായത്, സുവിശേഷവുമായി കാര്യമായി ബന്ധമില്ലാത്ത ഘടനാപരമായ പരിഷ്കാരങ്ങളിലും പദ്ധതികളിലും ലോകത്തിന്റേതായ സംവിധാനങ്ങളിലും ലൗകികമായ ചിന്താധാരകളിലും അവർ കൂടുതൽ തത്പരരാകുന്നു [88].



www.malankaralibrary.com






ഇവയുടെ അനന്തരഫലമായി ക്രൈസ്തവികതയ്ക്ക് പലതും നഷ്ടപ്പെടുന്നു: വിശ്വാസത്തിന്റെ ആർദ്രഭാവങ്ങൾ വഴിയുള്ള സമാശ്വാസം, മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിലുള്ള സന്തോഷം, വ്യക്തിപരമായ പ്രേഷിതദൗത്യത്തിനുവേയുള്ള പ്രതിജ്ഞാബദ്ധത, ക്രിസ്തുവിനെ അറിയുന്നതിലുള്ള സൗകുമാര്യം, ക്രിസ്തു തന്റെ സൗഹൃദം നമുക്കു നല്കുന്നതിലും നമ്മുടെ ജീവിതങ്ങൾക്ക് ആത്യന്തിക അർഥം നല്കുന്നതിലും നമുക്കുള്ള കൃതജ്ഞത എന്നിവ [88]. തിരുഹൃദയഭക്തി ഇവയെല്ലാം തിരിച്ചുപിടിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു.

## ഉപസംഹാരം


ഈ ചാക്രികലേഖനം ഒരു ദൈവശാസ്ത്ര വിചിന്തനം എന്നതിലുപരി 'യുഗങ്ങളും തലമുറകളുമായി മറഞ്ഞിരുന്ന രഹസ്യത്തെ' (കൊളോ 1:26) ക്കുറിച്ചുള്ള ആഴമായ ഒരു ധ്യാനമാണ്. അതിനാൽ ഇതിന്റെ അർഥവ്യാപ്തി ഫോർമുലകളിലോ പ്രസ്താവനകളിലോ ഒതുക്കാവുന്നതല്ല. ഹൃദയം നഷ്ടപ്പെട്ട ഒരു ലോകത്തിന് ഹൃദയം നല്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിപ്പോൾ കേവലം അവിചാരിതമല്ല, മറിച്ച് ദൈവപരിപാലനയുടെ ഭാഗമാണെന്നു പറയാം: ലിയോ പതിനാലാമൻ പാപ്പായുടെ സ്ഥാനചിഹ്നത്തിൽ (coat of arms) തിരുഹൃദയത്തിന്റെ ചിത്രമുണ്ട്; അതോടൊപ്പമുള്ള ആപ്തവാക്യവും അതിലേറെ ശ്രദ്ധേയമാണ്: in illo uno unum = "ആ ഒരുവനിൽ നാം ഒന്നായിരിക്കുന്നത്" (in that one, one). ഇത് ക്രിസ്തുവിജ്ഞാനീയപരവും സഭാവിജ്ഞാനനീയപരവുമാണ്. ഇത് തന്നെയല്ലേ പാപ്പാ ഫ്രാൻസിസ് പറയുന്നത്? 'അവൻ നമ്മെ സ്നേഹിച്ചു.'

*

www.malankaralibrary.com

ലേഖനം

# കുത്തിത്തുറക്കപ്പെട്ട വിലാവും തിരുഹൃദയഭക്തിയും





ഫാ. ഡോ. ഷാജി ജെർമ്മൻ

**പു**ണ്യശ്ലോകനായ ഫ്രാൻസിസ് പാപ്പ തന്റെ വിൽപത്രംപോലെ അവസാനമായി സഭയ്ക്കും ലോകത്തിനും നല്കിയിട്ടുപോയ താണ് 'അവൻ നമ്മെ സ്നേഹിച്ചു' *(Delexit Nos,* 24 ഒക്ടോബർ 2024) എന്ന ചാക്രിക ലേഖനം. പാപ്പായുടെ സ്നേഹസമ്പൂർണമായ വാക്കുകൾ ചെവികളിൽ മന്ത്രിച്ചുകൊണ്ടിരു ന്നു, "ഒരിക്കലും വറ്റാത്തവിധം ക്രിസ്തുവിന്റെ മുറിവേല്പിക്കപ്പെട്ട പാർശ്വത്തിൽനിന്നുള്ള അരുവി നിരന്തരം നിർഗ്ഗളിച്ചുകൊണ്ടിരിക്കു ന്നു; അതൊരിക്കലും നിലക്കുന്നില്ല; ക്രിസ്തു വിനെപ്പോലെ സ്നേഹിക്കാനാഗ്രഹിക്കുന്ന വർക്ക് അത് കാലങ്ങളോളം സ്വയം നല്കി ക്കൊണ്ടിരിക്കുന്നു. കാരണം അവന്റെ സ്നേ ഹത്തിനു മാത്രമേ ഒരു പുതിയ മനുഷ്യരാ ശിയെ നിർമ്മിക്കാനാവൂ" (ഫ്രാൻസിസ് പാപ്പാ, 'അവൻ നമ്മെ സ്നേഹിച്ചു, 219). ചാക്രികലേ ഖനത്തിലെ ആദ്യത്തെ മൂന്ന് അധ്യായങ്ങൾ ഹൃദയത്തിന്റെ പ്രാധാന്യം, സ്നേഹത്തിന്റെ പ്ര വൃത്തികളും വാക്കുകളും, അത്യധികം സ്നേ ഹിച്ച ഹൃദയം തുടങ്ങിയ വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്. ഹൃദയത്തെക്കുറിച്ചും സ്നേഹ ത്തെക്കുറിച്ചുമുള്ള ബലിഷ്ഠമായ തത്വചിന്താ പരവും ദൈവശാസ്ത്രപരവുമായ അടിത്തറയി ട്ടതിനുശേഷമാണ് തുടർന്നുള്ള രണ്ട് അധ്യായ ങ്ങളിൽ കുത്തിത്തുറക്കപ്പെട്ട വിലാവിനെക്കു റിച്ചും തിരുഹൃദയ സ്നേഹത്തെക്കുറിച്ചും ചർച്ച ചെയ്യുന്നത്. രണ്ടാം ഭാഗം മാത്രമാണ് ഈ ലേഖനത്തിലെ പ്രത്യപാദ്യ വിഷയം.

## രക്ഷയുടെ ഉറവ

നാലാം അധ്യായത്തിന്റെ ശീർഷകംതന്നെ 'സ്വയം പാനീയമായി നല്കുന്ന സ്നേഹം'

www.malankaralibrary.com

എന്നാണ്. വിശുദ്ധ ബൈബിളിലുടനീളം ഉറവ, കിണർ, ശുദ്ധജലം, നദി എന്നീ പ്രതീകങ്ങൾ രക്ഷയെ സൂചിപ്പിക്കാൻ ധാരാളമായി ഉപയോഗിച്ച് കാണുന്നു. 'രക്ഷയുടെ കിണറ്റിൽനിന്ന് നീ സന്തോഷത്തോടെ ജലം കോരിയെടുക്കും' (ഏശ 12:3). 'ഞാൻ നിങ്ങളുടെമേൽ ശുദ്ധജലം തളിക്കും. നിങ്ങളുടെ എല്ലാ മാലിന്യങ്ങളിൽ നിന്നും നിങ്ങൾ ശുദ്ധീകരിക്കപ്പെടും' (എസെ 36:25). 'നദി ഒഴുകുന്നിടത്തെല്ലാം ജീവജാലങ്ങൾ പറ്റം ചേർന്ന് ജീവിക്കും. അവിടെ ധാരാളം മത്സ്യങ്ങളും ഉണ്ടായിരിക്കും' (എസെ 47:9). ഇസ്രയേൽക്കാർ ആഘോഷിച്ചിരുന്ന കൂടാരത്തിരുന്നാളിലും വെള്ളം ദൈവത്തോടുള്ള നന്ദിയുടെ സൂചനയായി ഉപയോഗിച്ചിരുന്നു. ഇസ്രയേൽജനം നാല്പത് സംവത്സരങ്ങൾ മരുഭൂമിയിലൂടെ പ്രയാണം ചെയ്തതിന്റെ ഓർമ്മത്തിരുന്നാൾ ആയിരുന്നു കൂടാരത്തിരുന്നാൾ. ദൈവാലയത്തിലേക്ക് പ്രദക്ഷിണമായി വന്ന് ഏഴു പ്രാവശ്യം ബലിപീഠം വലയം ചെയ്ത് സന്തോഷാരവത്തിൽ ജലം ദൈവത്തിനു സമർപ്പിച്ച് നന്ദി പറയുമായിരുന്നു. വരാനിരിക്കുന്ന മിശിഹായുഗത്തെയും പ്രവാചകർ താരതമ്യം ചെയ്തത് നീരുറവയായിട്ടായിരുന്നു. 'പാപത്തിൽനിന്നും അശുദ്ധിയിൽനിന്നും ദാവീദു ഭവനത്തെയും ജറുസലേം നിവാസികളെയും കഴുകി വിശുദ്ധീകരിക്കാൻ അന്ന് ഒരു ഉറവ പൊട്ടിപ്പുറപ്പെടും" (സഖ 13:1).


യോഹന്നാൻ സുവിശേഷകൻ തന്റെ സുവിശേഷത്തിലും വെളിപാടു പുസ്തകത്തിലും യേശുവിനെ ജീവജലത്തിന്റെ ഉറവയായി അവതരിപ്പിക്കുന്നു. 'അവന്റെ പാർശ്വത്തിൽനിന്ന് രക്തവും വെള്ളവും പുറപ്പെട്ടു' (യോഹ 19:34). 'ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ' (യോഹ 7:37). വെളിപാട് പുസ്തകം സമാപിക്കുന്നത് ജീവജലം സ്വീകരിക്കാനുള്ള ആഹ്വാനത്തോടെയാണ്. 'വരുക, ദാഹിക്കുന്നവൻ വരട്ടെ; ആഗ്രഹമുള്ളവൻ ജീവന്റെ ജലം സൗജന്യമായി സ്വീകരിക്കട്ടെ' (വെളി 22:17).



## കുത്തിത്തുറക്കപ്പെട്ട വിലാവ്

യേശുവിന്റെ കുത്തിത്തുറക്കപ്പെട്ട വിലാവിനെക്കുറിച്ച് യോഹന്നാൻ സുവിശേഷകൻ ഇപ്രകാരം വിവരിക്കുന്നു. പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ അതിൽനിന്നും രക്തവും

www.malankaralibrary.com



വെള്ളവും പുറപ്പെട്ടു (യോഹ 19:34). പ്രവാചകഗ്രന്ഥങ്ങളിലൂടെ വിവരിക്കപ്പെട്ട ദൈവസ്നേഹത്തിന്റെ ദൃശ്യമായ പ്രകടനമായിരുന്നു കുത്തിത്തുറക്കപ്പെട്ട പാർശ്വത്തിൽ നിന്നു പൊട്ടിപ്പുറപ്പെട്ട രക്തവും വെള്ളവും. ദൈവസ്നേഹത്തെ പ്രതിപാദിക്കുന്ന പ്രവാചകവചനങ്ങൾ ഇത്തരുണത്തിൽ അന്വർഥമാണ്. 'നീയെനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനുമാണ്' (ഏശ 43:4). 'അമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല' (ഏശ 45:15). 'എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല' (ഏശ 54:10). എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ് (ജെറ 31:3). 'എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു' (ഹോസി 11:8).

കർത്താവിന്റെ തിരുവിലാവ് അവിടുത്തെ സ്നേഹിക്കുന്നവർക്കെല്ലാം ജീവസ്രോതസ്സും ദാഹം ശമിപ്പിക്കുന്ന ഉറവയുമാണ്. തിരുഹൃദയ സ്നേഹത്തെക്കുറിച്ചുള്ള തിരിച്ചറിവാണ് തിരുഹൃദയ ഭക്തിയിലേക്ക് നമ്മെ നയിക്കുന്നത്. മറിച്ച്, തിരുഹൃദയഭക്തിയിലൂടെയാണ് തിരുഹൃദയ സ്നേഹം അനുഭവിക്കുന്നതും. വിശുദ്ധ ജോൺപോൾ രണ്ടാമൻ പഠിപ്പിക്കുന്നത്, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിസഭയുടെ ആരംഭം മുതൽ ചരിത്രത്തിലുടനീളം വിശ്വാസികളുടെ ആത്മീയതയുടെ അനിവാര്യ ഘടകമാണ്. വിശുദ്ധ അഗസ്തീനോസിന്റെ ആത്മീയാനുഭവം, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി കർത്താവുമായുള്ള ഗാഢ സ്നേഹബന്ധത്തിലേക്ക് നയിക്കുന്നു എന്നതാണ്. വിശുദ്ധ ജെറോമിന്റെ ധ്യാനചിന്ത, അതീന്ദ്രിയ ധ്യാനത്തിലായിരിക്കുന്ന വ്യക്തി, ജീവജലത്തിന്റെ ഉറവയുടെ സൗന്ദര്യം ആസ്വദിക്കുകയല്ല, മറിച്ച് തിരുവിലാവിൽ നിന്നും ഒഴുകുന്ന ജീവജലം പാനം ചെയ്യുകയാണ് ചെയ്യുന്നത്.

തിരുഹൃദയ സ്നേഹത്തിന്റെയും തിരുഹൃദയഭക്തിയുടെയും പ്രാധാന്യത്തെക്കുറിച്ച് സഭാപിതാക്കന്മാർ വ്യത്യസ്ത ജീവിതാനുഭവങ്ങളിലൂടെ വിവരിക്കുന്നുണ്ട്. യേശുവിന്റെ മുറിവേൽപ്പിക്കപ്പെട്ട പാർശ്വം പരിശുദ്ധാത്മാവിന്റെ ജലത്തിന്റെ സ്രോതസ്സാണെന്നും ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്നാണ് നാം പുറത്തേക്ക് വന്നിട്ടുള്ളതെന്നും ആത്മാവിന്റെ

www.malankaralibrary.com

ഉറവ പൂർണമായും ക്രിസ്തുവിലാണെന്നും അവർ പഠിപ്പിക്കുന്നുണ്ട്. വിശുദ്ധ അംബ്രോസിന്റെ ധ്യാനചിന്ത പ്രസക്തമാണ്. 'ക്രിസ്തുവിൽ നിന്നു കുടിക്കുക, എന്തെന്നാൽ അവനാണ് ജീവന്റെ സ്രോതസ്സ്. ക്രിസ്തുവിൽ നിന്നു കുടിക്കുക, എന്തെന്നാൽ അവനാണ് നദി. ആ നദിയിലെ അരുവികളാണ് ദൈവത്തിന്റെ നഗരത്തെ സന്തോഷിപ്പിക്കുന്നത്. ക്രിസ്തുവിൽ നിന്നു കുടിക്കുക, എന്തെന്നാൽ അവന്റെ പാർശ്വത്തിൽനിന്ന് ജീവജലം പ്രവഹിക്കുന്നു.'

വിശുദ്ധ അഗസ്റ്റിനെ സംബന്ധിച്ചിടത്തോളം കുത്തിത്തുറക്കപ്പെട്ട പാർശ്വം കൃപയുടെയും കൂദാശകളുടെയും ഉറവിടമാണ്. ക്രിസ്തുവുമായുള്ള ഗാഢബന്ധത്തിന്റെ ഇടമാണിവിടം. ഏറ്റവും അമൂല്യമായ ജ്ഞാനത്തിന്റെ അടയാളവും. വിശുദ്ധ ജെറോം പറയുന്നത്, നീരുറവയുടെ ലാവണ്യത്തിൽ സന്തോഷിക്കുക മാത്രമല്ല മറിച്ച് കർത്താവിന്റെ പാർശ്വത്തിൽനിന്നു വരുന്ന ജീവജലം കുടിക്കുകയും ചെയ്യുന്നു. മറ്റു വിശുദ്ധരും അത് വിവരിക്കുന്നുണ്ട്: 'ആ മുറിവിലൂടെ, ക്രിസ്തു തന്റെ ഹൃദയം നമുക്ക് തുറന്നുകാട്ടുകയും അവിടുത്തെ സ്നേഹത്തിന്റെയും കരുണയുടെയും അതിരില്ലാത്ത രഹസ്യം സ്വന്തമാക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു' (വി. ബെർണാർദ്). 'തന്റെ മാറിൽ നിന്നു തീറ്റിപ്പോറ്റുന്ന ക്രിസ്തുവിന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കാൻ' വില്ല്യം ഓഫ് സാൻ തിയറി നമ്മെ ക്ഷണിക്കുന്നു. 'കൂദാശകളുടെയും പ്രസാദവരത്തിന്റെയും ഉറവിടമായ ക്രിസ്തുവിന്റെ ഹൃദയത്തെക്കുറിച്ചുള്ള ധ്യാനം സുഹൃത്തുക്കൾ തമ്മിലുള്ള ബന്ധത്തിന്റെയും വ്യക്തിപരമായ കണ്ടുമുട്ടലിന്റെയും അനുഭവമാണ്' (വി. ബൊനവെഞ്ചർ). ക്രിസ്തുവുമായുള്ള അതിഗാഢമായ ബന്ധത്തെ ധ്യാനിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം എഴുതി: "ആകയാൽ ക്രിസ്തുവിന്റെ സുഹൃത്തായി മാറിയ ആത്മാവേ, എഴുന്നേല്ക്കുക; പാറയുടെ ഇടുക്കിൽ കൂട്ടുകൂടുന്ന പ്രാവാകുക; ഒരു ഭവനം കണ്ടെത്തിയ കുരുവിയാകുകയും അതിന്മേൽ നിരന്തരം ജാഗ്രത പുലർത്തുകയും ചെയ്യുക; തന്റെ ശുദ്ധസ്നേഹത്തിന്റെ സന്തതിയെ അതിപരിശുദ്ധ ഇടുക്കിൽ ഒളിച്ചു വയ്ക്കുന്ന മണിപ്രാവാകുക.'

## തിരുഹൃദയഭക്തി

കുത്തിത്തുറക്കപ്പെട്ട വിലാവും സ്നേഹത്തിന്റെ ഉറവിടവും പ്രസാദവര ജീവിതത്തിന്റെ ഊർജ്ജവുമായ തിരുഹൃദയത്തെയും സമന്വയിപ്പിച്ച് ധ്യാനിക്കാനാണ് പിൽക്കാലത്ത് ദൈവശാസ്ത്രജ്ഞന്മാരും ആത്മീയ പിതാക്കന്മാരും ശ്രമിച്ചത്. വിശുദ്ധ സ്ത്രീകളായ ഹാക്കെബോണിലെ ലുഡ്ഗാഡും മെറ്റിൽഡയും ഫൊളിഞ്ഞോയിലെ വിശുദ്ധ ആഞ്ചലയും നോർവിച്ചിയിലെ ഡെയിം ജൂലിയനും കർത്താവിന്റെ ഹൃദയത്തിൽ വിശ്രമിച്ചതായും അത് തങ്ങൾക്ക്

www.malankaralibrary.com

ജീവന്റെ സ്രോതസ്സും ആന്തരികസമാധാനവുമായി ഭവിച്ചതായും വിവരിക്കുന്നുണ്ട്. സിസ്റ്റേഴ്സിയൻ സന്ന്യാസിനിയായ ഹെൽഫ്റ്റായിലെ വിശുദ്ധ ജെർട്രൂഡ് ഒരിക്കൽ തന്റെ ശിരസ്സ് ക്രിസ്തുവിന്റെ ഹൃദയത്തോട് ചേർത്തുവയ്ക്കുകയും അതിന്റെ സ്പന്ദനങ്ങൾ കേൾക്കുകയും ചെയ്തു. തിരുഹൃദയത്തിന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തുക്കളായിട്ടാണ് വിശുദ്ധ ജെർട്രൂഡും മെറ്റിൽഡെയും അറിയപ്പെടുന്നത്.

കർത്തുസിയൽ സന്ന്യസ്തർ തിരുഹൃദയഭക്തി ക്രിസ്തുവിനോടുള്ള സ്നേഹത്തിലും അടുപ്പത്തിലും വളരാനുള്ള മാർഗ്ഗമായി അവരുടെ അഭിപ്രായത്തിൽ, യേശുവിന്റെ ഹൃദയത്തിന്റെ മുറിവിലൂടെ പ്രവേശിക്കുന്നവരെല്ലാം സ്നേഹത്തിൽ ജ്വലിക്കുന്നവരാകും. വിശുദ്ധ കത്രീന പറയുന്നത്, 'കർത്താവിന്റെ സഹനങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയാത്തവയാണ്. എന്നാൽ ക്രിസ്തുവിന്റെ തുറന്ന ഹൃദയം അവന്റെ സീമകളില്ലാത്ത സ്നേഹവുമായി സജീവമായതും വ്യക്തിപരവുമായ ഒരു കണ്ടുമുട്ടലിന് സാധ്യത ഒരുക്കുന്നു' എന്നാണ്.

കത്തോലിക്കാ സഭയിൽ തിരുഹൃദയ തിരുനാൾ ആരംഭിക്കുന്നത് വിശുദ്ധ ജോൺ യൂഡ്സിന്റെ പരിശ്രമങ്ങളിലൂടെയാണ്. ഫ്രാൻസിലെ റെന്ന് എന്ന സ്ഥലത്തുവച്ച് തന്റെ സഹോദരങ്ങളോട് തിരുഹൃദയഭക്തിയെക്കുറിച്ച് തീക്ഷ്ണമായി പ്രസംഗിച്ചതിനുശേഷം ആ രൂപതയിലെ മെത്രാനോട് തിരുഹൃദയതിരുന്നാൾ ആഘോഷിക്കാൻ അഭ്യർത്ഥിക്കുകയും അദ്ദേഹം അതിന് അംഗീകാരം നല്കുകയും ചെയ്തു. തുടർന്ന് 1670-1671 കാലഘട്ടത്തിൽ കുത്തോൻസ്, എവ്ര്, ബച്ച്, ലിസ്യൂ, റൂവൻ എന്നീ രൂപതകളിൽ ആഘോഷിക്കാൻ തുടങ്ങി. അപ്രകാരമാണ് തിരുഹൃദയഭക്തി ആഘോഷമായി വ്യാപിക്കാൻ തുടങ്ങിയത്.

## വിശുദ്ധ ഫ്രാൻസിസ് ദേ സാലസ്

അദ്ദേഹം ക്രിസ്തുവിന്റെ തുറന്ന ഹൃദയത്തെക്കുറിച്ച് നിരന്തരം ധ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ ഹൃദയത്തിൽ വസിക്കാൻ ക്രിസ്തു നമ്മെ ക്ഷണിക്കുകയും വ്യക്തിപരമായ ബന്ധത്തിലായിരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. അദ്ദേഹം വിശുദ്ധ ജെയിൻ ഫ്രാൻസിസ് ഷന്താളിന് ഇപ്രകാരം എഴുതി ' നാം നമ്മിൽത്തന്നെ ഇനിമേൽ വസിക്കുകയില്ല എന്നെനിക്ക് ഉറപ്പുണ്ട്... കർത്താവിന്റെ മുറിവേറ്റ ഹൃദയത്തിൽ നാം എന്നേക്കുമായി വസിക്കും. എന്തെന്നാൽ അവനെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല എന്നു മാത്രമല്ല നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമായിരുന്നെങ്കിൽ അതു ചെയ്യാനുള്ള താത്പര്യം നമുക്കുണ്ടാവുകയും ചെയ്യുമായിരുന്നില്ല.'

## വിശുദ്ധ മാർഗ്രറ്റ് മേരി അലകോക്ക്

വിശുദ്ധ മാർഗ്രറ്റ് മേരി ആവേശഭരിതമായാ എണ് തിരുഹൃദയ സ്നേഹത്തെക്കുറിച്ച് എഴുതുന്നത്. അവർ എഴുതുന്നു, 'തന്റെ

www.malankaralibrary.com




സ്നേഹത്തിന്റെ അതിശയങ്ങളും ഇന്നുവരെ മറച്ചുവയ്ക്കപ്പെട്ടിരുന്ന വ്യാഖ്യാനിക്കാനാവാത്ത തിരുഹൃദയത്തിന്റെ രഹസ്യങ്ങളും അവൻ എനിക്ക് വെളിപ്പെടുത്തി തന്നു. തുടർന്ന് എഴുതുന്നു, 'അവൻ എന്റെ ഹൃദയത്തിനായി ചോദിച്ചു, ഞാനത് എടുത്തുകൊള്ളാൻ പറഞ്ഞു; അവനത് എടുത്തുകൊണ്ട് എന്നെ അവന്റെ ആരാധ്യമായ ഹൃദയത്തിൽ പ്രതിഷ്ഠിച്ചു; അവിടെ നിന്ന് എന്റെ ഹൃദയം കാണാൻ അവൻ എന്നെ പഠിപ്പിച്ചു; അത് അവന്റെ തീച്ചൂളപോലെ ജ്വലിക്കുന്ന ഹൃദയത്തിൽ ഗ്രസിച്ച ഒരു അണുപോലെയായിരുന്നു.'

മാർഗ്രറ്റ് മേരിക്ക് ദിവ്യകാരുണ്യസന്നിധിയിൽ ദൈവസ്നേഹത്തിന്റെ വ്യക്തമായ ഒരനുഭവമുണ്ടായി. ഒരിക്കൽ ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വച്ചിരുന്നപ്പോൾ യേശു തന്റെ സർവ്വമഹത്വത്തിൽ പ്രത്യക്ഷനായി. തന്റെ അഞ്ചു ക്ഷതങ്ങളും തന്റെ പാവനമായ മനുഷ്യത്വത്തിൽനിന്ന് അനവധി സൂര്യന്മാരെപ്പോലെ തിളങ്ങി. ഏറെ പ്രത്യേകിച്ച് തന്റെ ആരാധ്യമായ വക്ഷസ്സിൽ നിന്നായിരുന്നു. അത് എരിയുന്ന തീച്ചൂളപോലെയായിരുന്നു. തന്റെ മേലങ്കി തുറന്ന് ജീവനുള്ള ജ്വാലകളുടെ സ്രോതസ്സായിരുന്ന തന്റെ അത്യന്തം സ്നേഹം നിറഞ്ഞതും സ്നേഹിക്കുന്നതുമായ ഹൃദയം അവൻ കാണിച്ചു കൊടുത്തു. അപ്പോഴാണ് അവന്റെ ശുദ്ധ സ്നേഹത്തിന്റെ അവാച്യമായ വിസ്മയങ്ങൾ കണ്ടെത്തിയത്. അതുവഴിയാണ് അവൻ മനുഷ്യരെ അത്യധികം സ്നേഹിക്കുന്നത്. എന്നാൽ പലപ്പോഴും മനുഷ്യരിൽ നിന്നും കൃതഘ്നതയും നിസ്സംഗതയുമാണ് ലഭിക്കുന്നതെന്നും അവിടുന്ന് വെളിപ്പെടുത്തി.

വിശുദ്ധ ക്ലൗഡ് ദേ ലാ കൊളംബിയർ വഴിയാണ് ഈ പ്രത്യക്ഷീകരണങ്ങൾ പ്രചരിക്കാൻ ഇടയായത്. ഇവയുടെ അർഥം സുവിശേഷ വെളിച്ചത്തിൽ വ്യാഖ്യാനിക്കാനും അപ്രകാരം തിരുഹൃദയഭക്തി പ്രചരിക്കുന്നതിനും കൊളംബിയർ പരിഗമിച്ചു. വിശുദ്ധ ക്ലൗഡ് ദേ ലാ കൊളംബിയറിന്റെ ആത്മീയത വിശുദ്ധ മാർഗ്രറ്റ് മേരിയുടേതുപോലുള്ള ആഴത്തിലുള്ളതും ചലനാത്മകവുമായ ആത്മീയ അനുഭവത്തിന്റെയും വിശുദ്ധ ഇഗ്നേഷ്യസ് ലെയോളയുടെ സജീവവും മൂർത്തവുമായ ധ്യാനത്തിന്റെയും സുന്ദരമായ സമന്വയമാണ്.

## വിശുദ്ധ ചാൾസ് ദേ ഫുക്കോ



ചാൾസ് ദേ ഫുക്കോ യേശു സ്നേഹത്തിലേക്കുള്ള തന്റെ മാനസാന്തരത്തിന്റെ കഥയാണ് പറയുന്നത്. സ്വന്തം ബന്ധുവായ മരീ ദേ ബോണ്ടിയാണ് ഈ മാനസാന്തരത്തിനു വഴിയൊരുക്കിയത്. പതിവായി ദിവ്യകാരുണ്യ സന്ദർശനം നടത്തുന്നതിനിടയിൽ യേശുവിന്റെ തിരുഹൃദയത്തിന്റെ ചിത്രം അവൾ കാണിച്ചു കൊടുത്തു.

www.malankaralibrary.com

യേശുസ്നേഹം അനുഭവിച്ചറിഞ്ഞ അദ്ദേഹം ഇപ്രകാരം എഴുതി, 'നീ എന്നെ മാനസാന്തരപ്പെടുത്തിയില്ലായിരുന്നെങ്കിൽ, യേശുവിന്റെ അടുത്തേക്ക് കൊണ്ടുവന്നില്ലായിരുന്നെങ്കിൽ ഇന്ന് ഞാൻ എവിടെയായിരിക്കുമായിരുന്നു.' അദ്ദേഹത്തിന്റെ ആത്മീയ പിതാവ് ഹെന്റി ഹുവെയിൻ ഈ തിരുഹൃദയ സ്നേഹത്തിന്റെ അത്യഗാധ രഹസ്യം കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സഹായിച്ചു. 1889 ജൂൺ 6-ാം തീയതി ചാൾസ് തിരുഹൃദയത്തിനു സ്വയം സമർപ്പിച്ചു. പിൽക്കാലത്ത് അദ്ദേഹം യേശു ഹൃദയത്തിന്റെ നാമത്തിൻ കീഴിൽ ഒരു താപസനായി മാറി. 1906 മേയ് 17-ാം തീയതി ഒറ്റക്ക് ദിവ്യബലിയർപ്പിക്കാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹം ഇപ്രകാരം എഴുതി, 'യേശുവിന്റെ ഹൃദയം എന്നിൽ ജീവിക്കട്ടെ; അങ്ങനെ ഇനിമേൽ ഞാനല്ല ജീവിക്കുന്നത് മറിച്ച് എന്നിൽ ജീവിക്കുന്ന യേശുവിന്റെ ഹൃദയമാണ്, അവൻ നസ്രത്തിൽ ജീവിച്ചപോലെ.' യേശുവിന്റെ ഹൃദയത്തോടുള്ള ഭക്തി അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ ചലനങ്ങളുണ്ടാക്കി.

## ഉണ്ണിയേശുവിന്റെ വിശുദ്ധ ത്രേസ്യ

പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഉണ്ണിയേശുവിന്റെ വിശുദ്ധ ത്രേസ്യ തിരുഹൃദയ ഭക്തിയാൽ ജ്വലിച്ചിരുന്നു. അവളുടെ കുടുംബത്തിന്റെ ആത്മീയ പിതാവായിരുന്ന ഫാദർ



അൽമീർ പിഷോൺ തിരുഹൃദയഭക്തിയുടെ അപ്പസ്തോലനായിരുന്നു. ത്രേസ്യായുടെ സഹോദരി സന്ന്യാസ വ്രതമെടുത്തപ്പോൾ, സ്വീകരിച്ച നാമവും 'തിരുഹൃദയത്തിന്റെ സിസ്റ്റർ മേരി' എന്നായിരുന്നു. ത്രേസ്യ സന്ന്യാസിനിയായി ചേർന്ന മഠം തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടതായിരുന്നു. പതിനഞ്ചുവയസ്സുള്ളപ്പോൾതന്നെ 'അവന്റെ ഹൃദയം എന്റെ ഹൃദയത്തോട് ഐക്യപ്പെട്ട ഒന്നുപോലെ മിടിക്കുന്നു' എന്ന അനുഭവമായിരുന്നു. ത്രേസ്യ തന്റെ അനുഭവത്തെ ഇപ്രകാരമാണ് വിവരിക്കുന്നത്, 'മറ്റെല്ലാവരും കാണുന്നപോലെയല്ല ഞാൻ തിരുഹൃദയത്തെ കാണുന്നതെന്ന് നിനക്കറിയാമല്ലോ. എന്റെ വരന്റെ ഹൃദയം എന്റേതു മാത്രമാണെന്ന് ഞാൻ കരുതുന്നു; എന്റെ ഹൃദയം അവന്റേതു മാത്രമായിരിക്കുന്നതുപോലെ തന്നെ. ഹൃദയത്തോട് ഹൃദയം എന്ന സന്തുഷ്ടമായ ഈ ഏകാന്തതയിൽ ഞാൻ അവനോട് സംസാരിക്കുന്നു, ഒരുനാൾ അവനെ മുഖാമുഖം കണ്ടു ധ്യാനിക്കാൻ ഇടവരുമെന്ന പ്രത്യാശയോടെ.'

തിരുഹൃദയഭക്തിയാൽ നിറഞ്ഞു വിശുദ്ധ ത്രേസ്യ ഹൃദയ സ്പർശിയായ ഒരു കവിത എഴുതി:


www.malankaralibrary.com

**ആ**ർദ്രതയാൽ ജ്വലിക്കുന്ന ഒരു
ഹൃദയമാണെനിക്കാവശ്യം
അപ്രകാരമുള്ളവൻ എനിക്ക് എന്നേക്കും
പിന്തുണയായിരിക്കും
അവൻ എന്നിലെ എല്ലാക്കാര്യങ്ങളിലും
എന്നെ സ്നേഹിക്കും
എന്റെ ബലഹീനതപോലും....
പകലും രാവും എന്നെ വിട്ടുപിരിയാത്ത,
എന്റെ സ്വഭാവം ധരിക്കുന്ന
ഒരു ദൈവത്തെയാണെനിക്കാവശ്യം

എന്റെ സഹോദരനാവുകയും
എനിക്ക് വേണ്ടി സഹിക്കുകയും
ചെയ്യുന്നവൻ...
എനിക്കറിയാം, ഞങ്ങളുടെ നീതിയെല്ലാം
നിന്റെ സൃഷ്ടിയിൽ വിലപ്പെട്ടതല്ലെന്ന്...
അതിനാൽ എന്റെ ശുദ്ധീകരണത്തിന്,
നിന്റെ ജ്വലിക്കുന്ന സ്നേഹം ഞാൻ
തിരഞ്ഞെടുക്കുന്നു,
എന്റെ ദൈവത്തിന്റെ ഹൃദയമേ!

## ഈശോസഭയുടെ ആധ്യാത്മികത

കർത്താവിനെ പൂർണ്ണമായി സ്നേഹിക്കുന്നതിനും അനുധാവനം ചെയ്യുന്നതിനും അവിടുത്തെക്കുറിച്ചുള്ള ആന്തരികജ്ഞാനം ആവശ്യമാണ്. വിശുദ്ധ ഇഗ്നേഷ്യസ് പറയുന്നു, കർത്താവിന്റെ മുറിവേല്ക്കപ്പെട്ട പാർശ്വത്തെ ധ്യാനിക്കുമ്പോൾ നാം ക്രിസ്തുവിന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കുന്നു. അങ്ങനെ നമ്മുടെ ഹൃദയം വിശാലമാകുന്നു. കാലക്രമത്തിൽ ഈശോസഭാ വൈദികർ യേശുവിന്റെ ഹൃദയത്തെക്കുറിച്ച് ശക്തമായി പ്രഘോഷിക്കാൻ തുടങ്ങി. വിശുദ്ധ ഫ്രാൻസീസ്, ബോജിയ, വിശുദ്ധ പീറ്റർ ഫാബർ, വിശുദ്ധ അൽഫോൻസസ്, റൊഡ്രിഗസ്, ഫാദർ അൽവാരെസ് ദേ പാസ്, ഫാദർ വിൻസന്റ് കരാഫ, ഫാദർ കാസ്പർ ക്രൂസ് ബിക്കി തുടങ്ങിയവരെല്ലാം തിരുഹൃദയഭക്തിയുടെ പ്രവാചകരാണ്. 1883-ൽ ഈശോസഭ ഇപ്രകാരമൊരു പ്രഖ്യാപനം നടത്തി. "നമ്മുടെ കർത്താവായ യേശുക്രിസ്തു ഈശോസഭയെ ഏല്പിച്ച ദിവ്യഹൃദയത്തോടുള്ള ഭക്തി പ്രാവർത്തികമാക്കാനും പ്രോത്സാഹിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള ഏറ്റവും അഭിമതമായ ദൗത്യം സന്തോഷത്തോടും നന്ദിയോടും സ്വീകരിക്കുന്നു.''



1871-ൽ തന്നെ ഫാദർ പീറ്റർ യാൻ ബേക്സ് ഈശോസഭയെ യേശുവിന്റെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയുണ്ടായി. 1972-ൽ ഫാദർ പെദ്രോ അരൂപേ തിരുഹൃദയ പുനഃപ്രതിഷ്ഠ നടത്തി. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ നമ്മുടെ ഈ കാലഘട്ടത്തിൽ പ്രതീക്ഷകൾക്ക് ചേരുന്ന വിധമുള്ള ഈ ഭക്തി പ്രോത്സാഹിപ്പിക്കുന്നതിൽ ഈശോ സഭാംഗങ്ങൾ വളരെ തീക്ഷ്ണമതികൾ ആയിരിക്കണമെന്ന് ഓർമിപ്പിക്കുകയും ചെയ്തു.


www.malankaralibrary.com

## പശ്ചാത്തപിക്കുക

'പശ്ചാത്തപിക്കുക' എന്നാൽ ജീവിതത്തിൽ സംഭവിച്ച തെറ്റുകളോർത്ത് വേദനിക്കുക എന്നാണ്. വാക്കുകൊണ്ടോ പ്രവൃത്തി കൊണ്ടോ താൻ മുറിപ്പെടുത്തിയ വ്യക്തിയുമായുള്ള സ്നേഹബന്ധത്തിന്റെ ആഴമനുസരിച്ച് വേദനയുടെ തീവ്രതയും വർദ്ധിക്കും. നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രിസ്തു ഏറ്റെടുത്ത സഹനങ്ങളെ ധ്യാനിക്കുമ്പോഴാണ് 'ക്രിസ്തുവിനെ ആശ്വസിപ്പിക്കുക' എന്ന ചിന്ത ഉടലെടുക്കുന്നത്. ക്രിസ്തുവിനെ ആശ്വസിപ്പിക്കാനുള്ള ആഗ്രഹത്തിന്റെ ആഴമനുസരിച്ചായിരിക്കും നമ്മുടെ പശ്ചാത്താപത്തിന്റെ ആഴം. ഇത് വെറും കുറ്റബോധമല്ല, മറിച്ച് 'ഉപകാരപ്രദമായ' മുറിവേല്പിക്കലാണ്. അത് ഹൃദയം ശുദ്ധീകരിക്കുകയും സുഖപ്പെടുത്തുകയും ചെയ്യുന്നു. ആത്മാവാണ് നമ്മിൽ നിർഗ്ഗളിക്കുകയും നമ്മുടെ കണ്ണുകളിലേക്ക് കണ്ണീർ കൊണ്ടുവരികയും ചെയ്യുന്ന ജീവജലത്തിന്റെ സ്രോതസ്സ്. സമാധാനം കൊണ്ടുവരുന്ന 'രക്ഷാകര ദുഃഖമാണിത്' അതിനാൽ പ്രായശ്ചിത്തം നമ്മുടെ പ്രവൃത്തിയല്ല, മറിച്ച് കൃപയുടേതാണ്. അത് പ്രാർഥനയിലാണ് അന്വേഷിക്കേണ്ടത്.

## ആശ്വസിപ്പിക്കാനും ആശ്വസിപ്പിക്കപ്പെടാനും

ക്രിസ്തുവിന്റെ ഹൃദയത്തെക്കുറിച്ചും മരണംവരെയുള്ള സഹനങ്ങളെ കുറിച്ചു



മുള്ള ധ്യാനം നമുക്ക് ജീവിതത്തിൽ വലിയ ആശ്വാസം നല്കുന്നു. നമ്മുടെ ഹൃദയത്തിലെ സ്നേഹവും ദുഃഖവും പരിപൂർണ്ണ ആശ്രയബോധത്തിലേക്ക് നയിക്കുന്നു. അതുവഴി നമ്മിൽ കൃതജ്ഞതയും ആർദ്രതയും സമാധാനവും നിറയുന്നു.

കർത്താവിന്റെ തിരുഹൃദയത്തിൽ ആശ്വാസം കണ്ടെത്തുന്ന നമ്മൾ കേൾക്കുന്ന ആഹ്വാനമാണ് 'ആശ്വസിപ്പിക്കുവിൻ,' എന്റെ ജനത്തെ സമാശ്വസിപ്പിക്കുവിൻ (ഏശ 40:1). വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ ദൈവം നമുക്ക് ആശ്വാസം പകരുന്നത് 'ദൈവത്താൽ ആശ്വസിപ്പിക്കപ്പെട്ട നമ്മൾ അതേ ആശ്വാസത്താൽ കഷ്ടതയിലായിരിക്കുന്നവരെ ആശ്വസിപ്പിക്കാൻ പ്രാപ്തരാകേണ്ടതിനാണ്' (2 കൊറി 1:4).

*

 താളുകളിലൂടെ...

www.malankaralibrary.com



# 59-ാമത് ലോക സാമൂഹ്യ സമ്പർക്ക ദിനത്തോടനുബന്ധിച്ച്

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകിയ സന്ദേശം

### നിങ്ങളുടെ ഹൃദയത്തിൽ ഉള്ള പ്രത്യാശ ആദരപൂർവ്വം പങ്കുവയ്ക്കുക (1 പത്രോ 3:15-16)

പ്രിയ സഹോദരീസഹോദരന്മാരേ,

ചില അധികാര കേന്ദ്രങ്ങൾ വസ്തുതകളും വിവരങ്ങളും (data and information) നിയന്ത്രിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ ഈ കാലഘട്ടത്തിൽ തെറ്റായ അറിവും ധ്രുവീകരണവും നിറയുമ്പോൾ, എക്കാലത്തിലും ഉപരിയായി പത്രപ്രവർത്തകരും വാർത്താവിനിമയ വാഹകരും എന്ന നിലയിൽ നിങ്ങളുടെ പ്രാധാന്യത്തെ മനസ്സിലാക്കി കൊണ്ട് നിങ്ങളോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവർക്കായി വാർത്തകൾ സംവേദനം ചെയ്യുക എന്ന പ്രവർത്തിയുടെ വ്യക്തിപരവും സാമൂഹ്യവുമായ ഉത്തരവാദിത്വത്തിൽ നിങ്ങളുടെ ധൈര്യപൂർവ്വമായ ശ്രമങ്ങൾ

www.malankaralibrary.com

യഥാർത്ഥത്തിൽ അനിവാര്യമായവയാണ്.

**ജൂബിലിയെ കുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ**

അസ്വാസ്ഥ്യ ജനകമായ ഈ കാലഘട്ടത്തിൽ ഈ വർഷം നാം കൃപയുടെ നേരമായി കരുതുകയാണ്; ഈ പശ്ചാത്തലത്തിൽ ഞാൻ നിങ്ങളെ 'പ്രത്യാശയുടെ സന്ദേശവാഹകരാകാൻ' (communicators of hope) ക്ഷണിക്കുകയാണ്; അതായത് നിങ്ങളുടെ പ്രവർത്തനവും ദൗത്യവും സുവിശേഷത്തിന്റെ ചൈതന്യത്താൽ നവീകരിച്ചുകൊണ്ട് ആരംഭിക്കാൻ.

**സാമൂഹ്യസമ്പർക്കം നിരായുധീകരിക്കുന്നത്**

ഇന്ന് പലപ്പോഴും സാമൂഹ്യസമർക്ക മാധ്യമങ്ങൾ പ്രത്യാശ ജനിപ്പിക്കാറില്ല; അവ 'ഭയവും നിരാശയും, മുൻവിധിയും നീരസവും, മതഭ്രാന്തും വിദ്വേഷവുമാണ് പ്രചരിപ്പിക്കുന്നത്. പലപ്പോഴും അത് യാഥാർത്ഥ്യത്തെ ലഘൂകരിക്കുകയും ഉടനടിയുള്ള തിരിച്ചടിക്കാൻ പ്രകോപനം സൃഷ്ടിക്കുകയും ചെയ്യുന്നു; വാക്കുകൾ അവ മൂർച്ചയേറിയ ആയുധ സമാനമായി ഉപയോഗിക്കുന്നു. തെറ്റായതും കൗശലപൂർവ്വം മെനഞ്ഞെടുത്തതുമായ വാർത്തകൾ ഉപയോഗിച്ചുകൊണ്ട് പ്രക്ഷോപിപ്പിക്കാനും പ്രകോപിപ്പിക്കാനും മുറിവേൽപ്പിക്കാനും ഉതകുന്ന സന്ദേശങ്ങൾ അയക്കുന്നു. സാമൂഹ്യസമ്പർക്ക മാധ്യമം നിരായുധീകരിക്കേണ്ടതിനെക്കുറിച്ച് ഞാൻ പല അവസരങ്ങളിലും സംസാരിച്ചിട്ടുണ്ട്; അക്രമസ്വഭാവത്തിൽ നിന്ന് അതിനെ ശുദ്ധീകരിക്കേണ്ടതായുണ്ട്. യാഥാർത്ഥ്യത്തെ മുദ്രാവാക്യങ്ങൾ ആക്കി മാറ്റുന്നത് ഒരിക്കലും സഹായകരമാവില്ല. ദൃശ്യമാധ്യമങ്ങളിലെ ചർച്ചകളിലും സോഷ്യൽ മീഡിയയിലും നടക്കുന്ന വാക്കുകൾ കൊണ്ടുള്ള ആക്രമണം നമുക്കറിയാവുന്നതാണല്ലോ; മത്സരവും എതിർപ്പും ആധിപത്യ സ്വഭാവവും പിടിച്ചടക്കലും ഒക്കെ പൊതുജനാഭിപ്രായത്തെ നിയന്ത്രിക്കാനുള്ള മാർഗമാകും.

അസ്വസ്ഥത ജനിപ്പിക്കുന്ന മറ്റൊരു പ്രതിഭാസമാണ് 'ശ്രദ്ധ വികേന്ദ്രീകരണ/ചിതറിപ്പിക്കൽ പരിപാടി (programmed dispersion of attention); അത് ഡിജിറ്റൽ സിസ്റ്റംസ് വഴിയായി കമ്പോളത്തിന്റെ യുക്തിക്കനുസരിച്ച്

www.malankaralibrary.com

നമുക്ക് ലാഭമുണ്ടാക്കി തരികയും യാഥാർത്ഥ്യത്തെകുറിച്ചുള്ള നമ്മുടെ പരിപ്രേക്ഷ്യം വ്യത്യസ്തമാക്കുകയും ചെയ്യും. തത്ഫലമായി പലപ്പോഴും നിസ്സഹായമാംവിധം നാം കാണുന്നത് താല്പര്യങ്ങളുടെ ഒരുതരം അണുവൽക്കരണം (atomization) ആണ്; അതു നമ്മുടെ സാമൂഹ്യ പ്രസ്തുതത്തിന്റെ അടിത്തറകൾ ഇളക്കിമറിക്കുന്നതിൽ പരിണമിക്കുന്നു; അത് പൊതു നന്മയ്ക്കായുള്ള നമ്മുടെ ഉദ്യമത്തിൽ സംഘംചേരാനും പരസ്പരം ശ്രവിക്കാനും അപരരുടെ വീക്ഷണ കോണുകൾ മനസ്സിലാക്കാനുമുള്ള കഴിവ് കുറയ്ക്കുന്നു. നമ്മുടെ സ്വത്വത്തെ നിലനിർത്തുന്നതിനായി നമുക്ക് കിടപിടിക്കാനായി ഒരു 'ശത്രുവിനെ' കണ്ടെത്തുക അനിവാര്യമായി ഭവിക്കുന്നു. എന്നാൽ മറ്റുള്ളവർ നമ്മുടെ ശത്രുക്കളായി മാറുമ്പോൾ അവരെ നിന്ദിക്കാനും പുച്ഛിക്കാനുമായി നാം അവരുടെ വ്യക്തിത്വവും മാഹാത്മ്യവും നിരാകരിക്കുമ്പോൾ, നമുക്ക് തന്നെയും പ്രത്യാശ ജനിപ്പിക്കാൻ ഉള്ള സാധ്യത കൈമോശം വരുന്നു. ഡോൺ ടോണിനോ ബെല്ലോ നിരീക്ഷിച്ചതു പോലെ 'എല്ലാ സംഘർഷങ്ങളും' ആരംഭിക്കുന്നത് വ്യക്തികളുടെ മുഖങ്ങൾ അലിഞ്ഞു പോവുകയും ഇല്ലാതാവുകയും ചെയ്യുമ്പോഴാണ്' [1]. ഈ മനോഭാവത്തിന് നാം വഴങ്ങി കൊടുക്കരുത്.

പ്രത്യാശ എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ജോർജസ് ബർണാനോസ് ഒരിക്കൽ പറഞ്ഞു: 'തങ്ങൾ ഒരിക്കൽ സുരക്ഷിതത്വം കണ്ടെത്തുകയും തെറ്റായി പ്രത്യാശ ആണെന്ന് കരുതുകയും ചെയ്തവ വ്യാമോഹങ്ങളും നുണകളും ആയിരുന്നുവെന്ന് മനസ്സിലാക്കി വിഷാദിക്കാൻ ധൈര്യമുള്ളവർക്കു മാത്രമേ പ്രത്യാശിക്കാൻ കഴിയൂ... സാഹസത്തിനു (risk) തുനിയുക എന്നതാണ് പ്രത്യാശ. അത് സാഹസത്തിന്റെ മേലുള്ള സാഹസമാണ് (risk of risks). പ്രത്യാശ എന്നത് ഒരു നിഗൂഢമായ സുകൃതമാണ്; അത് ദൃഢമായതും ക്ഷമാശീലമുള്ളതുമാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പാ തന്റെ 'പ്രത്യാശയിൽ രക്ഷ' (Spe Salvi) എന്ന ചാക്രിക ലേഖനത്തിൽ കുറിച്ചതുപോലെ, പ്രത്യാശ എന്നത് നിഷ്ക്രിയമായ ശുഭാപ്തി വിശ്വാസം അല്ല, മറിച്ച് ക്രിയാത്മകമായ (performative) ഒരു

www.malankaralibrary.com

സുകൃതമാണ്; അതിന് നമ്മുടെ ജീവിതങ്ങളെ പരിവർത്തനപ്പെടുത്താനാകും: 'പ്രത്യാശിക്കുന്നവർ വ്യത്യസ്തരായി ജീവിക്കുന്നു; അവർക്ക് പുതിയ ജീവൻ എന്ന ദാനം നൽകപ്പെട്ടിരിക്കുന്നു' (ഖണ്ഡിക 2).

**ആദരപൂർവം നമ്മുടെ ഉള്ളിലെ പ്രത്യാശയെ കുറിച്ച് പ്രഖ്യാപിക്കുന്നത്**

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ (3:15-16) പ്രത്യാശയെ ക്രൈസ്തവ സാക്ഷ്യവും സാമൂഹ്യ സമ്പർക്കവുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു സുന്ദരമായ സമന്വയും നാം കാണുന്നു: 'ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെ പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ. എന്നാൽ, അതു വിനയത്തോടും ഭയത്തോടും കൂടെ ആയിരിക്കട്ടെ.' ഈ വാക്കുകളിൽ നിന്ന് മൂന്ന് സന്ദേശങ്ങൾ കവർന്നെടുക്കാൻ ഞാൻ താല്പര്യപ്പെടുന്നു.

ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. 'ക്രിസ്ത്യാനികളുടെ പ്രത്യാശയ്ക്ക് ഒരു മുഖമുണ്ട്, അതായത് ഉത്ഥിതനായ നാഥന്റെ മുഖം. പരിശുദ്ധാത്മാവിന്റെ ദാനം വഴിയായി നമ്മോടൊപ്പം എപ്പോഴും വസിക്കാം എന്ന അവന്റെ വാഗ്ദാനം എല്ലാ പ്രത്യാശയ്ക്കും എതിരായി പ്രത്യാശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു; എല്ലാ കാര്യങ്ങളും നഷ്ടപ്പെട്ടു എന്നു തോന്നുമ്പോഴും നിശബ്ദമായി സന്നിഹിതമായിരിക്കുന്ന നിഗൂഢമായ നന്മ മനസ്സിലാക്കാനും അത് നമ്മെ പ്രാപ്തരാക്കുന്നു.

നമ്മുടെ ഉള്ളിലുള്ള പ്രത്യാശ എന്താണെന്ന് വിശദീകരിക്കാൻ നാം തയ്യാറായിരിക്കണം എന്നതാണ് രണ്ടാമത്തെ സന്ദേശം. നമ്മുടെ പ്രത്യാശയെ പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ എന്നാണ് പുസ്തകം പറയുന്നത്. ക്രൈസ്തവർ എന്നു പറയുന്നവർ പ്രഥമമായി ദൈവത്തെക്കുറിച്ച് സംസാരിക്കുന്നവർ അല്ല, മറിച്ച് ദൈവത്തിന്റെ സ്നേഹത്തിന്റെ സൗന്ദര്യം പ്രതിധ്വനിപ്പിക്കുന്നവരും ഒരു പുതിയ രീതിയിൽ എല്ലാം അനുഭവിക്കാനാകും

www.malankaralibrary.com

എന്ന് കാണിച്ചു തരുന്നവരുമാണ്. നിങ്ങൾ എന്തുകൊണ്ടാണ് ഇങ്ങനെ ജീവിക്കുന്നത്? നിങ്ങൾ എന്തുകൊണ്ടാണ് ഇപ്രകാരം ആയിരിക്കുന്നത് എന്ന ചോദ്യങ്ങൾ ഉന്നയിക്കുകയും അതിന് ഉത്തരം അന്വേഷിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു ജീവിക്കപ്പെടുന്ന സ്നേഹമാണ് അവരുടേത്.

വിശുദ്ധ പത്രോസിന്റെ വാക്കുകളിൽ അവസാനമായി നാം മൂന്നാമതൊരു സന്ദേശം കണ്ടെത്തുന്നു: ചോദ്യത്തിനുള്ള നമ്മുടെ പ്രത്യുത്തരം, 'വിനയത്തോടും ഭയത്തോടും ആയിരിക്കണം' ക്രൈസ്തവമായ സാമൂഹ്യ സമ്പർക്കം-ഞാൻ പറയും, സാമൂഹ്യ സമ്പർക്കം പൊതുവായി തന്നെ-വിനയത്തിലും അടുപ്പത്തിലും/ സാമിപ്യത്തിലും ആയിരിക്കണം; അതായത്, പാതയിലെ സഹയാത്രികന്റെ സംസാരം എന്ന നിലയിൽ. എല്ലാകാലത്തെയും സാമൂഹ്യ സമ്പർക്ക പ്രക്രിയയിൽ അതികായവനായവന്റെ രീതിശാസ്ത്രം; എമ്മാവൂസിലേക്കുപോയ രണ്ട് ശിഷ്യരോടൊപ്പം നടന്നുകൊണ്ട് സംഭവങ്ങൾ വിശുദ്ധ ലിഖിതത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് അവരോട് സംസാരിക്കുകയും അവരുടെ ഹൃദയങ്ങൾ അവരുടെ ഉള്ളിൽ ജ്വലിക്കാൻ ഇടവരുത്തുകയും ചെയ്ത അവൻ അവലംബിച്ച രീതി ഇതായിരുന്നു.

നമ്മെ എല്ലാവരെയും സഹയാത്രികരാക്കി തീർക്കാൻ കഴിവുള്ള ആശയസംവേദന രീതിയെക്കുറിച്ചാണ് ഞാൻ സ്വപ്നം കാണുന്നത്; അതുവഴിയായി അസ്വസ്ഥജനകമായ ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂടെ നടന്നുകൊണ്ട് പ്രത്യാശിക്കാനായി അവരെ പ്രോത്സാഹിപ്പിക്കാനാകണം. അപ്രകാരമുള്ള ആശയസംവേദനം ഹൃദയത്തോട് സംസാരിക്കാൻ കഴിവുള്ളതായിരിക്കും; അത് പ്രതിരോധത്തിന്റെയും രോഷത്തിന്റേതുമായ തീവ്ര പ്രതികരണങ്ങൾ ഉയർത്താത്തതും എന്നാൽ തുറവിന്റെയും സൗഹൃദത്തിന്റെയും മനോഭാവങ്ങൾ സൃഷ്ടിക്കുന്നതും ആയിരിക്കും. അത്തരത്തിലുള്ള ആശയസംവേദനം പ്രകടമായും നിരാശാജനകമാണെന്നു തോന്നുന്ന സാഹചര്യങ്ങളിൽ സൗന്ദര്യത്തിലും പ്രത്യാശയിലും കേന്ദ്രീകൃതമാകാൻ പ്രാപ്തമായിരിക്കുന്നതാകും; അത് പ്രതിജ്ഞാബദ്ധതയും തന്മയിഭാവവും അപരരെ

www.malankaralibrary.com

ക്കുറിച്ചുള്ള കരുതലും സൃഷ്ടിക്കുന്നത് ആയിരിക്കും. അപ്രകാരമുള്ള ആശയസംവേദന രീതി ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം അംഗീകരി ക്കുന്നതിനും നമ്മുടെ പൊതുഭവനം സംരക്ഷിക്കുന്നതിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനും (Dilexit Nos, 217) നമ്മെ സഹായിക്കാൻ കഴിവുള്ളതും ആയിരിക്കും.

വ്യാമോഹങ്ങളും ഭയങ്ങളും പ്രചരിപ്പിക്കാത്ത ഒരു ആശയസംവേദന രീതിയാണ് ഞാൻ സ്വപ്നം കാണുന്നത്; മറിച്ച് അത് പ്രത്യാശയ്ക്കുള്ള കാരണങ്ങൾ നിരത്തി വയ്ക്കുന്നതാകും. മാർട്ടിൻ ലൂഥർ കിംഗ് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: 'ഞാൻ കടന്നു പോകുന്ന വഴിക്ക് ഒരാളെ എനിക്ക് സഹായിക്കാൻ കഴിഞ്ഞാൽ, ആരെയെങ്കിലും ഒരു വാക്കുകൊണ്ടോ ഒരു ഗീതം കൊണ്ടോ ഉന്മേഷഭരിതമാക്കാൻ കഴിഞ്ഞാൽ... എന്റെ ജീവിതം വ്യക്തമാവുകയില്ല' [3]. എന്ന ഇപ്രകാരം ചെയ്യാൻ നാം നമ്മുടെ സ്വയം പ്രചാരത്തിൽനിന്നും (self-promotion) സ്വയം മുഴുകലിൽ (sel-absorption) നിന്നും സുഖപ്പെട്ടിരിക്കണം; മറ്റുള്ളവരുടെ ശബ്ദത്തിന് ഉപരിയായി നമ്മുടെ ശബ്ദം കേൾക്കത്തക്കവിധം നാം ഉച്ചത്തിൽ സംസാരിക്കുന്ന അപകടം ഒഴിവാക്കണം. ഒരു നല്ല ആശയസംവേദനകൻ തന്നെ കേൾക്കുന്നവരെയും വായിക്കുന്നവരെയും പ്രേക്ഷകരെയും കൂടെ നിർത്താൻ ശ്രദ്ധിക്കണം; അവരെ ചേർത്ത് നിർത്താനും അവരുടെ ഏറ്റവും ഹൃദ്യമായ ഭാഗവുമായി ഐക്യപ്പെടാനും അവരെ താൻ പറയുന്ന കഥകളുടെ ആഭിമുഖ്യങ്ങളിലേക്ക് പ്രവേശിക്കാൻ സഹായിക്കുകയും വേണം. ഈ രീതിയിലുള്ള ആശയസംവേദനം ഇപ്പോഴത്തെ ജൂബിലിയുടെ ലക്ഷ്യമായ പ്രത്യാശയുടെ തീർത്ഥാടകർ ആയിത്തീരാൻ നമ്മെ സഹായിക്കും.

**ഒരുമിച്ച് പ്രത്യാശിക്കുന്നത്**

പ്രത്യാശ എപ്പോഴും ഒരു സാമൂഹ്യ പദ്ധതിയാണ് (a community project). ഈ കൃപയുടെ വർഷം നൽകുന്ന സന്ദേശത്തിന്റെ മാഹാത്മ്യം ഒരു നിമിഷം നമുക്ക് ചിന്താവിഷയമാക്കാം. നമ്മളെല്ലാവരും - എല്ലാവരും തന്നെ- നവമായി ആരംഭിക്കാൻ ക്ഷണിക്കപ്പെടുന്നു; അതായത്, ദൈവം

www.malankaralibrary.com

നമ്മെ എടുത്തുയർത്താനും, നമ്മെ ആശ്ലേഷിക്കാനും നമ്മുടെ മേൽ കരുണ ചൊരിയാനും നാം അനുവദിക്കണം. ഇക്കാര്യത്തിൽ, വ്യക്തി പരവും സാമൂഹ്യവുമായ മാനങ്ങൾ അഭേദ്യമാംവിധം ഇഴചേർന്നിരിക്കുന്നു: നമ്മൾ ഒരുമിച്ച് പുറപ്പെടുന്നു, നാം നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂടെ യാത്ര ചെയ്യുന്നു, നാം വിശുദ്ധ വാതിലിലൂടെ ഒരുമിച്ചു കടക്കുന്നു.

ജൂബിലിക്ക് അനവധി സാമൂഹ്യ മാനങ്ങളുണ്ട്. ഉദാഹരണത്തിന്, തടവറ കളിൽ കഴിയുന്നവർക്ക് ഇത് കരുണയുടെയും പ്രത്യാശയുടെയും സന്ദേശം നൽകുന്നു, അല്ലെങ്കിൽ സഹനത്തിൽ ആയിരിക്കുന്നവരോടും പ്രാന്തങ്ങളിലായിരിക്കുന്നവരോടും സമീപ്യവും ആർദ്രതയും കാണി ക്കാൻ അത് ക്ഷണിക്കുന്നു. സമാധാനസ്ഥാപകർ ദൈവമക്കൾ എന്ന് വിളിക്കപ്പെടും (മത്താ 5:9) എന്ന് ജൂബിലി നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെ അത് പ്രത്യാശ അങ്കുരിപ്പിക്കുകയും സംവാദത്തിന് വഴി കൾ ഒരുക്കുന്ന ശ്രദ്ധയുള്ളതും ആർദ്രവും വിചാരപൂർണവുമായ ആശയ സംവേദനത്തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. അതിനാൽ, വാർത്തകളുടെ മടക്കുകളിൽ ഒളിച്ചു വെക്കപ്പെട്ടിരിക്കുന്ന നന്മയുടെ നിരവധി കഥകൾ കണ്ടുപിടിക്കാനും പ്രചരിപ്പിക്കാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കട്ടെ; സ്വർണ്ണത്തിന്റെ തീരെ ചെറിയ ഒരു തരിക്കുവേണ്ടി അക്ഷീണം മണൽ അരിക്കുന്ന ആളുകളെ അനുകരിക്കാൻ ഞാൻ നിങ്ങളോട് പറയട്ടെ. അപ്രകാരമുള്ള പ്രത്യാശയുടെ വിത്തുകൾ അന്വേ ഷിക്കുന്നതും അവ കണ്ടെത്തി മനുഷ്യരെ അറിയിക്കുന്നതും ഉദാത്ത മായ കാര്യമാണ്. ദരിദ്രരുടെ വിലാപത്തിന്റെ മുൻപിൽ ബധിരത അല്പം കുറയ്ക്കാനും, നിസ്സംഗത ചുരുക്കാനും നമ്മിൽ ഒതുങ്ങിക്കൂടാതിരിക്കാ നും അത് സഹായകമാകും. പ്രത്യാശയ്ക്കായി നമ്മെ പ്രചോദിപ്പിക്കുന്ന നന്മയുടെ മങ്ങിയ ദീപനാളങ്ങൾ നമുക്കെപ്പോഴും കണ്ടെത്താൻ ആവട്ടെ. ഈ തരത്തിലുള്ള ആശയസംവേദനം സാമൂഹ്യബോധം കെട്ടിപ്പടു ക്കുകയും, നാം ഏകരല്ലെന്ന ബോധ്യം നമ്മിൽ ഉയർത്തുകയും ഒരുമിച്ച് നടക്കുന്നതിന്റെ പ്രാധാന്യം നാം വീണ്ടും കണ്ടെത്തുകയും ചെയ്യും.

www.malankaralibrary.com

## ഹൃദയത്തെ വിസ്മരിക്കരുത്

പ്രിയ സഹോദരീസഹോദരന്മാരേ, സാങ്കേതിക വിദ്യയുടെ വിസ്മയമായ നേട്ടങ്ങളുടെ മുമ്പിൽ നിൽക്കുമ്പോഴും നിങ്ങളുടെ ഹൃദയത്തെ, അഥവാ ആന്തരിക ജീവിതത്തെ, സംരക്ഷിക്കണമെന്ന് ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. എന്താണ് ഇതിന്റെ അർത്ഥം? ഞാൻ ചില ചിന്തകൾ പങ്കുവയ്ക്കട്ടെ:ശാന്തശീലർ ആയിരിക്കുക; ഒരിക്കലും അന്യരുടെ മുഖങ്ങൾ മറക്കരുത്; നിങ്ങൾ നിവർത്തിയാക്കുന്ന പ്രവർത്തനത്തിൽ ഉൾപ്പെടുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ഹൃദയത്തോട് സംസാരിക്കുക.

നിങ്ങളുടെ ആശയസംവേദനത്തെ ഉടനടിയുള്ള സ്വാഭാവികമായ പ്രതികരണത്തിന് വിട്ടുകൊടുക്കരുത്. എപ്പോഴും പ്രത്യാശ പരത്തുക; അത് ഏറെ ബുദ്ധിമുട്ടാണെന്നും വളരെ വില കൊടുക്കേണ്ടതാണെന്നും അധികം ഫലം പുറപ്പെടുവിക്കില്ലെന്ന് തോന്നുമ്പോഴും അപ്രകാരം ചെയ്യുക.

മനുഷ്യരാശിയുടെ മുറിവുകൾ സുഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ആശയസംവേദനം പ്രോത്സാഹിപ്പിക്കുക.

ഹൃദയപൂർവ്വമായി വിശ്വാസം അർപ്പിക്കുന്നത് സാധ്യമാക്കുക; അത് എല്ലാ കാലാവസ്ഥയെയും അതിജീവിക്കുന്ന മൃദുവായ പുഷ്പത്തെ പോലെ ആയിരിക്കട്ടെ; ജീവിതത്തിന്റെ കൊടുങ്കാറ്റുകൾ അതിനെ വിഴുങ്ങില്ല; വളരെ അപ്രതീക്ഷിതമായ സ്ഥലങ്ങളിൽ അത് പുഷ്പിക്കുകയും വളരുകയും ചെയ്യുന്നു. സംഘർഷത്തിന്റെ വാരിക്കുഴികളിൽ നിന്ന് തങ്ങളുടെ മക്കൾ തിരികെ വരുന്നത് കാണാനായി നിത്യേന പ്രാർത്ഥിക്കുന്ന അമ്മമാരിൽ ആ പ്രത്യാശയുണ്ട്. അല്പം കൂടി നല്ല ഒരു 'ഭാവി പ്രതീക്ഷിച്ചു കൊണ്ട് വലിയ സാഹസം കാണിച്ച് മറു രാജ്യങ്ങളിലേക്ക് ചേക്കേറുന്ന പിതാക്കന്മാരിൽ ആ പ്രത്യാശയുണ്ട്. യുദ്ധത്തിന്റെ ജീർണാവശിഷ്ടങ്ങൾക്കിടയിലും ചേരികളിലെ ദരിദ്രമായ തെരുവുകളിലും കളിക്കാനും ചിരിക്കാനും ജീവിതത്തിൽ വിശ്വസിക്കാനും കഴിയുന്ന കുട്ടികളുടെ പ്രത്യാശയിലും അതുണ്ട്.

www.malankaralibrary.com

അഹിംസാത്മകമായ ആശയസംവേദനത്തിന്റെ സാക്ഷികളും പ്രണേതാക്കളും ആവുക; കരുതലിന്റെയും പാലങ്ങൾ പണിയുന്നതിന്റെയും സംസ്കാരം പ്രചരിപ്പിക്കുന്നതിൽ സഹായിക്കുക; ഈ കാലഘട്ടത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ പ്രതിബന്ധങ്ങൾ തച്ചുടക്കുക.

പ്രത്യാശയിൽ മെനഞ്ഞെടുത്ത കഥകൾ പറയുക; നമ്മുടെ പൊതുവായ ലക്ഷ്യത്തെക്കുറിച്ച് താല്പര്യ മുണ്ടായിരിക്കുക; ഒരുമിച്ച് ചേർന്നിരുന്നു നമ്മുടെ 'ഭാവിയുടെ ചരിത്രം രചിക്കാൻ ശ്രമിക്കുക.

ദൈവീകകൃപ കൊണ്ട്, നിങ്ങൾക്ക് അത് സാധിക്കും, നമുക്കത് സാധിക്കും; ഈ കൃപയുടെ അഭിഷേകം ജൂബിലി വർഷത്തിൽ സമൃദ്ധമായി ഉണ്ട്. ഇതാണ് എന്റെ പ്രാർത്ഥന, ഇതോടൊപ്പം നിങ്ങളെ ഓരോരുത്തരെയും നിങ്ങളുടെ പ്രവർത്തനത്തെയും ഞാൻ ആശീർവദിക്കുന്നു.

വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയം, റോമാ,
വിശുദ്ധ ഫ്രാൻസിസ് ദേ സാലസിന്റെ സ്മരണ ദിനം, 24 ജനുവരി 2025

ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

**താളുകളിലൂടെ...**

www.malankaralibrary.com

ലേഖനം

# യേശുവിന്റെ പ്രാർഥനകൾ



(കഴിഞ്ഞ ലക്കം തുടർച്ച)

"എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമീൻ"

കർത്തൃപ്രാർത്ഥനയുടെ ഉപസംഹാരമാണിത്. ഇത് ഒരു സ്തുതിപ്പാണ്. എന്നാൽ ഈ സ്തുതിപ്പ് മത്തായിയുടെ സുവിശേഷത്തിന്റെ എല്ലാ കൈയെഴുത്തുപ്രതികളിലും കാണുന്നില്ല. പ്ശീത്താ ബൈബിളിൽ ഈ സ്തുതിപ്പ് കൊടുത്തിട്ടുണ്ട്. അതിനാൽ സുറിയാനി പാരമ്പര്യമുള്ള സഭകളുടെ ആരാധനാക്രമത്തിൽ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ഈ സ്തുതിപ്പോടുകൂടിയാണ് അവസാനിക്കുന്നത്.



ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

ഈ സ്തുതിപ്പിന്റെ അർത്ഥമെന്താണെന്ന് പരിശോധിക്കാം. 'എന്തെന്നാൽ' എന്നുപറഞ്ഞുകൊണ്ടാണ് ഈ സ്തുതിപ്പ് ആരംഭിക്കുന്നത്. ഈ പദം വഴിയായി സ്തുതിപ്പും അതിനു മുമ്പുള്ള പ്രാർത്ഥനയും പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്നു. നാം 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലി പല കാര്യങ്ങളും ആവശ്യപ്പെട്ടെങ്കിൽ, അതിനു കാരണം ഈ സ്തുതിപ്പിൽ പറയുന്ന

www.malankaralibrary.com

കാര്യങ്ങൾ ദൈവത്തിന് അന്വർത്ഥമായതു കൊണ്ടാണെന്ന് നാം ഏറ്റുപറയുകയാണ് ഈ സ്തുതിപ്പിലൂടെ.

നാം പ്രാർത്ഥനയിൽ ആദ്യം അപേക്ഷിച്ചത് 'നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണം' എന്നാണ്. ആരാണ് ദൈവത്തിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുന്നത്? ദൈവം തന്നെയാണ്. മനുഷ്യർ ദൈവഹിതമനുസരിച്ച് ജീവിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധിക്ക് അനുരൂപമായ വിധം മനുഷ്യർ പരിശുദ്ധരായി ജീവിക്കുമ്പോൾ സൃഷ്ടികളുടെ ഇടയിൽ ദൈവം പരിശുദ്ധനായി പ്രഘോഷിക്കപ്പെടുകയാണ് ചെയ്യുന്നത്. അതായത് ദൈവതിരുനാമത്തിന്റെ മഹത്വീകരണത്തിന് പ്രധാന പ്രവൃത്തി ദൈവമാണ് ചെയ്യുന്നത്, മനുഷ്യരെ പരിശുദ്ധരാക്കിക്കൊണ്ട്. ദൈവതിരുനാമം പരിശുദ്ധമാകുന്നതുവഴിയാണ് ദൈവരാജ്യം യഥാർത്ഥമാകുന്നത്. അതു നമ്മൾ ഏറ്റുപറയുകയാണ് 'എന്തെന്നാൽ രാജ്യം നിനക്കുള്ളതാകുന്നു' എന്ന ഈ സ്തുതിയിൽ ഏറ്റുപറയുമ്പോൾ ദൈവത്തിന്റെ രാജ്യമാണ്. ദൈവം മാത്രമാണ് അവിടെ രാജാവ്. ദൈവത്തിനു മാത്രമാണ് ദൈവരാജ്യ സംസ്ഥാപനം വഴി മഹത്വം ലഭിക്കുന്നത്. അങ്ങനെ ദൈവത്തിന് മഹത്വം ലഭിക്കട്ടെ, ദൈവം രാജാവായി അംഗീകരിക്കപ്പെടട്ടെ എന്ന് ഈ സ്തുതിപ്പുവഴി നമ്മൾ ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

'എന്തെന്നാൽ... ശക്തിയും... നിനക്കുള്ളതാകുന്നു' എന്ന ഈ സ്തുതിപ്പുവഴി നാം നമ്മുടെ ബലഹീനത ഏറ്റുപറയുകയാണ് ചെയ്യുന്നത്. ദൈവരാജ്യ സംസ്ഥാപനവും ദൈവത്തിന്റെ മഹത്വവും യഥാർത്ഥമാകുന്നത് ദൈവത്തിന്റെ പ്രവർത്തി വഴിയാണ്. നമുക്ക് ഇവയൊക്കെ യഥാർത്ഥമാകണമെന്ന് ആഗ്രഹിക്കാം, ആശിക്കാം, അവയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം. എന്നാൽ യഥാർത്ഥത്തിൽ നമ്മുടെ ആശയും പ്രാർത്ഥനയുമൊക്കെ യഥാർത്ഥമാകുന്നത് ദൈവം പ്രവർത്തിക്കുമ്പോൾ മാത്രമാണ്. ഇവ യഥാർത്ഥമാക്കാൻ നമുക്ക് കഴിയില്ല. ശക്തിയുള്ളത് ദൈവത്തിനു മാത്രമാണ്. ഇത് നമ്മൾ ഈ സ്തുതിപ്പിലൂടെ ഏറ്റുപറയുന്നു.

'ആമീൻ' എന്ന പദത്തോടെയാണ് ഈ സ്തുതിപ്പ് അവസാനിക്കുന്നത്. 'ആമീൻ' (ആമേൻ) എന്ന പദത്തിന് 'അങ്ങനെയാകട്ടെ', 'അപ്രകാരം സംഭവിക്കട്ടെ' എന്നൊക്കെയാണ് അർത്ഥം. ഇത് നമ്മുടെ പ്രാർത്ഥനയ്ക്ക് മുദ്ര വെക്കുന്നതിനു തുല്യമാണ്. ഈ മുദ്രയോടുകൂടിയാണ് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന അവസാനിക്കുന്നത്.

(അടുത്ത ലക്കത്തിൽ യേശു പ്രാർത്ഥിച്ച പ്രാർത്ഥനകളെപ്പറ്റി പഠിക്കാം)

(തുടരും...)

www.malankaralibrary.com



# കർത്താവേ,
## ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ (ലൂക്ക 11:1)

(കഴിഞ്ഞലക്കം തുടർച്ച.....)



ബ്രദർ തോമസ് പോൾ കൊടിയൻ

### 'രണ്ട് അടിസ്ഥാന മനോഭാവങ്ങൾ '

**കർത്തൃപ്രാർത്ഥനയിൽ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ സംഭവിക്കുന്നു (CCC 2753).**

1. **പിതാവിനെ നമുക്ക് വെളിപ്പെടുത്തപ്പെടുന്നു**
2. **നാം നമുക്ക് തന്നെ വെളിപ്പെടുത്തപ്പെടുന്നു**

**കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC 1701) നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നു:**

"ക്രിസ്തു... പിതാവിന്റെയും അവിടുത്തെ സ്നേഹത്തിന്റെയും രഹസ്യത്തിന്റെ വെളിപ്പെടുത്തലിൽതന്നെ, മനുഷ്യനെ അവിടെ തന്നെ പൂർണമായി വെളിപ്പെടുത്തുകയും അവന്റെ പരമോന്നതമായ വിളിയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു" (Gaudium et spes 22). 'അദൃശ്യനായ ദൈവത്തിന്റെ ഛായയായ" ( Col 1:15, 2 Cor 4:4) ക്രിസ്തുവിൽ, സ്യഷ്ടാവിന്റെ "ഛായയിലും സാദൃശ്യത്തിലും" മനുഷ്യൻ സ്യഷ്ടിക്കപ്പെട്ടു. വീണ്ടെടുക്കുന്നവനും രക്ഷകനുമായ ക്രിസ്തുവിൽ, ആദിപാപംമൂലം മനുഷ്യനിൽ വിരൂപമാക്കപ്പെട്ട ദൈവികഛായ ദൈവത്തിന്റെ കൃപാവരത്താൽ അതിന്റെ ആദിമസൗന്ദര്യത്തിൽ പുനഃസ്ഥാപിക്കപ്പെടുകയും ശ്രേഷ്ഠമാക്കപ്പെടുകയും ചെയ്തു (Gaudium et spes 22).

പ്രാർത്ഥനയുടെ ഉന്നത തലങ്ങളിലേക്ക് നാം ഉയരണമെങ്കിൽ പിതാവിനെ നമുക്ക് വെളിപ്പെടുത്തപ്പെടണം എന്നാൽ നാം നമുക്ക് തന്നെ വെളിപ്പെടുത്തപ്പെടണം. നമുക്ക് അതിൽ അല്പം കൂടെ മുന്നോട്ടു പോകാം. "നാം നമുക്ക് തന്നെ വെളിപ്പെടുത്തപ്പെടണം" എന്നതിന്റെ അർത്ഥം കത്തോലിക്കാ സഭയുടെ

www.malankaralibrary.com



മതബോധന ഗ്രന്ഥത്തിലെ ചില ഭാഗങ്ങളിൽ നിന്നും നമുക്ക് പഠിക്കാം.

## CCC 1702 അധ്യായം നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നു :

ദൈവികഛായ ഓരോ മനുഷ്യനിലും സന്നിഹിതമാണ്. അതു ദൈവികവ്യക്തികൾ തമ്മിലുള്ള ഐക്യത്തിന്റെ സാദൃശ്യത്തിൽ വ്യക്തികളുടെ സംസർഗത്തിൽ പ്രശോഭിക്കുന്നു (cf. അധ്യായം രണ്ട്).

തുടർന്ന് ,

## CCC 1703 - ൽ നാം ഇപ്രകാരം പഠിക്കുന്നു :

"ആത്മികവും അമർത്ത്യവുമായ ആത്മാവുള്ള മനുഷ്യവ്യക്തിയാണു "ഭൂമിയിൽ അതിനുവേണ്ടിത്തന്നെ ദൈവം ആഗ്രഹിച്ച ഏകസൃഷ്ടി" അവൻ തന്റെ ഉദ്ഭവം മുതൽ നിത്യ സൗഭാഗ്യത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു .

## CCC 1704 –ൽ നാം ഇപ്രകാരം പഠിക്കുന്നു :

ദൈവികാത്മാവിന്റെ പ്രകാശത്തിലും ശക്തിയിലും മനുഷ്യവ്യക്തി ഭാഗഭാക്കാകുന്നു. സ്രഷ്ടാവിനാൽ സ്ഥാപിക്കപ്പെട്ട വസ്തുക്കളുടെ ക്രമം മനസ്സിലാക്കാൻ അവനു തന്റെ യുക്തികൊണ്ടു കഴിയും. സ്വതന്ത്രമനസ്സോടെ തന്റെ യഥാർഥ നൻമയിലേക്കു തന്നെത്തന്നെ നയിക്കാൻ അവനു കഴിവുണ്ട്. "യഥാർഥവും നല്ലതുമായവയെ അന്വേഷിക്കുകയും സ്നേഹിക്കുകയും ചെയ്തുകൊണ്ട്" അവൻ തന്റെ പൂർണത കണ്ടെത്തുന്നു.

## CCC 1705 പ്രകാരം,

തന്റെ ആത്മാവും തന്റെ ആത്മീക കഴിവുകളായ ബുദ്ധിയുടെയും ഇച്ഛയുടെയും ശക്തിയും മൂലം "ദൈവികഛായയുടെ പ്രകടമായ അടയാളമായ" സ്വാതന്ത്ര്യത്താൽ അവൻ സമ്പന്നനാക്കപ്പെട്ടു.

www.malankaralibrary.com

സ്വതന്ത്രദാനമായ ഈ ദത്തെടുപ്പ് നമ്മുടെ ഭാഗത്തുനിന്ന് നിരന്തര മാനസാന്തരവും പുതുജീവിതനും ആവശ്യപ്പെടുന്നു.

നമ്മുടെ പിതാവിനോടുള്ള പ്രാർത്ഥന രണ്ടു തരം അടിസ്ഥാന മനോഭാവങ്ങൾ വളർത്തുന്നു (CCC 2784 )

## CCC 1428 നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നു:

മാനസാന്തരത്തിലേക്കുള്ള ക്രിസ്തുവിന്റെ വിളി ക്രൈസ്തവരുടെ ജീവിതങ്ങളിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുകയാണ്. ഈ ദ്വിതീയ മാനസാന്തരം സഭ മുഴുവന്റെയും അവിരാമമായ ഒരു ധർമമാണ്. "പാപികളെ തന്റെ മാറോടുചേർക്കുന്ന സഭ ഒരേ സമയം വിശുദ്ധയും, എന്നാൽ എപ്പോഴും ശുദ്ധീകരിക്കപ്പെടേണ്ടവളുമാണ്. അവൾ നിരന്തരം പ്രായശ്ചിത്തത്തിന്റെയും നവീകരണത്തിന്റെയും പാതയിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നു. '(Lumen Gentium 8 § 3.) മാനസാന്തരത്തിനുള്ള ഈ പരിശ്രമം കേവലം മാനുഷിക പ്രവൃത്തിയല്ല. നമ്മെ ആദ്യം സ്നേഹിച്ച ദൈവത്തിന്റെ കരുണനിറഞ്ഞ സ്നേഹത്തോടു പ്രത്യുത്തരിക്കാൻ കൃപാവരത്താൽ ആകർഷിക്കപ്പെടുകയും ചലിപ്പിക്കപ്പെടുകയും ചെയ്യുന്ന "അനുതപിക്കുന്ന ഹൃദയത്തിന്റെ" ചലനമാണിത്. (Ps 51:17).




## രണ്ടുതരം അടിസ്ഥാന മനോഭാവങ്ങൾ

സ്വതന്ത്രദാനമായ ഈ ദത്തെടുപ്പ് നമ്മുടെ ഭാഗത്തുനിന്ന് നിരന്തരമാനസാന്തരവും പുതുജീവിതവും ആവശ്യപ്പെടുന്നു. നമ്മുടെ പിതാവിനോടുള്ള പ്രാർഥന നമ്മിൽ രണ്ടുതരം അടിസ്ഥാന മനോഭാവങ്ങൾ വളർത്തണം (CCC 2784)


### ഒന്ന്, പിതാവിനെ പോലെ ആയിത്തീരാനുള്ള മനോഭാവവും തീരുമാനവും

അവിടുത്തെപ്പോലെ ആയിത്തീരാനുള്ള ആഗ്രഹവും തീരുമാനവും: അവിടുത്തെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവരെങ്കിലും അവിടുത്തെ കൃപാവരത്തിലൂടെയാണ് അവിടുത്തെ സാദൃശ്യം നമ്മിൽ പുനഃസ്ഥാപിക്കപ്പെട്ടത്. അതിനോടു നാം പ്രത്യുത്തരിക്കണം.




ദൈവത്തെ "പിതാവേ" എന്നു വിളിക്കുമ്പോൾ നാം ദൈവമക്കളെപ്പോലെ പെരുമാറാൻ കടപ്പെട്ടവരാണ് - St. Cyprian

www.malankaralibrary.com



ക്രൂരവും മനുഷ്യത്വരഹിതവുമായ ഹൃദയമുള്ളവന് സർവകാരുണ്യത്തിന്റെയും ദൈവത്തെ പിതാവെന്ന് വിളിക്കാനാവില്ല. കാരണം, നിന്നിൽ സ്വർഗസ്ഥനായ പിതാവിന്റെ കാരുണ്യത്തിന്റെ ഒരു അടയാളവുമില്ല. (St. John Chrysostom)



പിതാവിന്റെ സൗന്ദര്യത്തെ പ്പറ്റി നിത്യം ധ്യാനിക്കുകയും അവനവന്റെ ആത്മാവിനെ അതനനുസരിച്ച് അലങ്കരിക്കുകയും വേണം. (St. Gregory of Nyssa)

## സഭ കൃപയെകുറിച്ച് നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നു.

(CCC 1997): കൃപാവരം ദൈവത്തിന്റെ ജീവനിലുള്ള ഒരു ഭാഗഭാഗിത്വമാണ്. അതു നമ്മെ ത്രിത്വത്തിന്റെ ജീവിതത്തിലെ ഉററ ബന്ധത്തിലേക്കു പ്രവേശിപ്പിക്കുന്നു. മാമ്മോദീസവഴി ക്രിസ്ത്യാനി ക്രിസ്തു ശരീരത്തിന്റെ ശിരസ്സായ ക്രിസ്തുവിന്റെ കൃപാവരത്തിൽ പങ്കുപറ്റുന്നു. അപ്പോൾമുതൽ, "ദത്തു പുത്രൻ" എന്ന നിലയിൽ അവനു ദൈവത്തെ, അവിടുത്തെ ഏകപുത്രനുമായുള്ള ഐക്യത്തിൽ, "പിതാവേ" എന്നു വിളിക്കാൻ കഴിയും. അവനിലേക്കു സ്നേഹം നിശ്വസിക്കുകയും സഭയെ രൂപപ്പെടുത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ ജീവൻ അവൻ സ്വീകരിക്കുന്നു.

## രണ്ട്, CCC 2785-ൽ സഭ ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു:

രണ്ട്, എളിമയും ആശ്രയബോധവുമുള്ള, "മനസ്സുതിരിഞ്ഞ് ശിശുക്കളെപ്പോലെ ആകാൻ സഹായിക്കുന്ന" ഒരു ഹൃദയം (Mt 18:3). കാരണം "ശിശുക്കൾക്കാണു പിതാവ് സ്വയം വെളിപ്പെടുത്തുന്നത്: (Mt 11:25)



ദൈവത്തെപ്പറ്റി മാത്രമുള്ള ധ്യാനത്താലും സ്നേഹത്തിന്റെ ഊഷ്മളതയാലും രൂപപ്പെടുന്നതും ദൈവത്തെ സ്നേഹിക്കാൻ മനസ്സിനെ പ്രേരിപ്പിക്കുന്നതും സ്വന്തം പിതാവിനോടെന്നപോലെ പ്രത്യേകഭക്തിയിൽ അടുത്ത പരിചയത്തോടെ ദൈവത്തോടു സംഭാഷിക്കുന്നതുമായ ഒരവസ്ഥയാണിത്. ( St. John Cassian)

www.malankaralibrary.com

"ഞങ്ങളുടെ പിതാവ്": ഈ പേര് ഉച്ചരിക്കുമ്പോൾത്തന്നെ നമ്മിൽ സ്നേഹം ഉണരുന്നു മക്കൾക്ക് പിതാവിനെക്കാൾ പ്രിയങ്കരമായി എന്താണുള്ളത്?... നാം യാചിക്കുന്നതുലഭിക്കുമെന്ന ആത്മവിശ്വാസവും അതോടൊപ്പം ഉണ്ടാകുന്നു. മക്കൾ ചോദിക്കുമ്പോൾ എന്താണ് അവിടുന്ന് നൽകാതിരിക്കുക? കാരണം, അവിടുത്തെ മക്കളാകാനുള്ള വരം അവിടുന്നു നൽകിക്കഴിഞ്ഞല്ലോ. (St. Augustine )

സ്നേഹമുള്ളവരേ, "സ്വർഗ്ഗസ്ഥനായ പിതാവേ" എന്നുള്ള പ്രാർത്ഥന ഇനിമുതൽ നാം പ്രാർത്ഥിക്കുമ്പോൾ ഈ രണ്ടു മനോഭാവങ്ങളും മുറുക്കെ പിടിച്ചുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. അങ്ങനെ നമുക്ക് പ്രാർത്ഥനയിൽ വളരാം.

**താളുകളിലൂടെ...**


## താലന്ത് മാസിക തപാലിൽ ലഭിക്കാൻ

താലന്ത് മാസികയുടെ

വാർഷിക വരിസംഖ്യ 180 രൂപ

മൂന്ന് വർഷത്തേയ്ക്ക് 500 രൂപ

ഈ തുക മണിഓർഡർ വഴിയോ

താഴെ കാണുന്ന

മൊബൈൽ നമ്പറിൽ ഗൂഗിൾ പേ വഴിയോ

അയ്ക്കാവുന്നതാണ്.

**CONTACT NUMBER**
**94474 41109**

**മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്,**

**വരിസംഖ്യയുടെ കാലാവധി തീർന്നവർ വരിസംഖ്യ പുതുക്കി താലന്ത് മാസികയുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

www.malankaralibrary.com

ഗാനമൂല - 6



ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# തിരുഹൃദയത്തോട്

നിത്യപിതാവിൻ കുമാരനാമീശോയുടെ
സത്യസനാതന തിരുഹൃദയം
അത്യുന്നതന്റെ കുടാരമീശോയുടെ
നിത്യസമ്മാനമാം തിരുഹൃദയം!

- ഞങ്ങളെയനുഗ്രഹിക്കേണം
മോക്ഷസൗഭാഗ്യം തരേണം

രക്തത്തിൻ അവസാനത്തുള്ളികൾപോലും
ഞങ്ങൾക്കായ് ചിന്തിയ തിരുഹൃദയം
അവിടെനിന്നൂറിയ ജലധാരയാലേ
ഞങ്ങളെ കഴുകിയ തിരുഹൃദയം!

- ഞങ്ങളിൽ കൃപ ചൊരിയേണം
നിത്യമാം രക്ഷതരേണം


നിന്ദാപമാനത്താൽ പൂരിതമാകിയ
സന്തതവന്ദിത തിരുഹൃദയം
സ്നേഹപിതാവിനു തിരുമരണത്തോളം
അനുസരണം നല്കും തിരുഹൃദയം!

- ഞങ്ങൾക്കു വിനയം തരേണം
ക്ഷമയെന്ന പുണ്യം തരേണം

www.malankaralibrary.com

# പാപസർപ്പപിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ

(കഴിഞ്ഞ ലക്കം തുടർച്ച)





എം. കോഴിമണ്ണിൽ

'മക്കളെ, ആ ദിവസം സംഭവിച്ചത് ഓർക്കുമ്പോൾ തന്നെ ചങ്കുപൊട്ടുന്നവേദനയാണു തോന്നുന്നത്. അതോർക്കുവാനും വിവരിക്കുവാനും ഒട്ടും ഇഷ്ടമല്ലതാനും. നിങ്ങൾ ആവർത്തിച്ച് ആവശ്യപ്പെടുന്നതു കൊണ്ടു പറയാം.

കർത്താവു ഞങ്ങളെ അടുത്തു വിളിച്ചിട്ടു പറഞ്ഞു '

'തിന്നെരുതെന്നു ഞാൻ പറഞ്ഞ പഴം നിനക്കു കൂട്ടിനു തന്ന സ്തീയുടെ വാക്കുകേട്ട് നീ തിന്നതു കൊണ്ട് നീ മൂലം മണ്ണു ശപിക്കപ്പെട്ടതായിരിക്കും. നിന്റെ ആയുസ്സു മുഴുവൻ നീ ആ മണ്ണിൽ കഠിനാദ്ധ്വാനം ചെയ്ത് അതിൽ നിന്നു കിട്ടുന്നതു ഭക്ഷിച്ച് നീ ജീവിക്കേണ്ടി വരും.

ഈ മണ്ണിൽ നിന്നു നിനക്കായി മുളക്കുന്നത് മുള്ളും മുൾച്ചെടികളുമായിരിക്കും. നിന്റെ നെറ്റിയിൽ നിന്നു വിയർപ്പൊഴുക്കി അദ്ധ്വാനിച്ചു വേണം നീ ജീവിക്കുവാൻ. നിന്നെ ഞാൻ മണ്ണുകൊണ്ടു മെനഞ്ഞുണ്ടാക്കി. ആ മണ്ണിലേക്കു നീ തിരികെ ച്ചേരും. നീ വെറും പൊടിയാണ്. ആ പൊടിയിലേക്കു നീ മടങ്ങും.'

ആദാം തുടർന്നു.

www.malankaralibrary.com

'ഞങ്ങളോടിതു പറഞ്ഞിട്ട് തൊട്ടടുത്തൊരു മരത്തിനടുത്തേക്കു കർത്താവു ഞങ്ങളെ നടത്തി.

വളവില്ലാതെ വളർന്നൊരു വലിയ വണ്ണമില്ലാത്തൊരു ഇടത്തരം മരം. മരത്തിന്റെ മദ്ധ്യത്തിൽ നിന്നും എതിർ ദിശകളിലേക്ക് ഇതു പോലെ (ആദാം കൈകൾ നിവർത്തി വിരിച്ചു പിടിച്ച്) നീണ്ടു വളർന്ന രണ്ടു കൊമ്പുകൾ.

അതിന്റെ ചുവട്ടിൽ മണ്ണിൽ പറ്റിയതു പോലെ പരന്നുകിടന്നൊരു കല്ല്.

മരത്തിനടുത്ത് നല്ലോമനത്തമുള്ളൊരു വെള്ളയാട്ടിൻകുട്ടി. കൂട്ടം പിരിഞ്ഞു വന്നതുപോലെ. (വി. ത്രിത്വം പിരിഞ്ഞു ഭൂമിയിലിറങ്ങി വന്നവനാണല്ലോ ദൈവ കുഞ്ഞാടായ കർത്താവ് !)

കർത്താവ് അതിനെ മരച്ചുവട്ടിലെ കല്ലിൽ വെച്ചു വെട്ടി അതിന്റെ തോലുരിഞ്ഞെടുത്തു. ഞങ്ങളുടെ നാണം മറയ്ക്കാൻ ഞങ്ങൾ കോർത്തു ചേർത്തു വെച്ച ഇലകൾ മാറ്റി ആട്ടിൻകുട്ടിയുടെ തോൽ മുറിച്ച് ഞങ്ങളിരുവരുടെയും അരയിൽ ചുറ്റി. ആടിന്റെ ചുടുരക്തമുണങ്ങി അരയിലൊട്ടിച്ചേർന്ന ആ തോലു കൊണ്ട് ഞങ്ങളുടെ നഗ്നത മുഴുവൻ മറഞ്ഞു. '

(കാൽവരിയിലെ കുരിശിലെ ബലിയുടെ സൂചന ?)

'നിങ്ങൾ നഗ്നരായി നടക്കണ്ടാ എന്നു കർത്താവിനു തോന്നിയല്ലോ '. ഹാബേൽ പറഞ്ഞു.

'പിന്നെ നിങ്ങൾ എങ്ങനെ ആ തോട്ടത്തിനു പുറത്തായി ?' കായേൻ ചോദിച്ചു.

'പറയാം. കർത്താവിനെ ധിക്കരിച്ചു വാങ്ങിയ ശിക്ഷ തുടങ്ങുകയാണിനിയും. '

ആദാം പറഞ്ഞു.

(തുടരും.....)



**Festal Greetings & Prayers**

1. Most Rev. Dr. Thomas J. Netto — July 03
2. Dr. Joseph Mar Thomas — July 03
3. Mar Thomas tharayil — July 03
4. Rt. Rev. Dr. James Anaparampil — July 25

www.malankaralibrary.com

ചെറുകഥ

**കെ.സി.ബി.സി സാഹിത്യ രചനാ മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ചെറുകഥ**

**എലിസബത്ത് ജെയിംസ്**
**തിരുവല്ല**

# വസ്ത്രാഞ്ചലം

വി. മർക്കോസ് 5: 25-34, വി. ലൂക്കാ 8: 43-48

മണ്ണുതിർന്നുവീഴുന്ന ചുമരുചാരി തളർന്നിരിക്കുമ്പോഴും മനസ്സിൽ ഒരാരവത്തിന്റെ അസ്വസ്ഥത ഉയർന്നുനിന്നു. വർഷങ്ങളായി പുറത്തിറങ്ങാൻ തന്നെ മടിയായിരുന്നു. ആഘോഷങ്ങളും ആൾക്കൂട്ടങ്ങളും മന: പൂർവ്വം ഒഴിവാക്കി. സ്വയം തീർത്ത ഏകാന്തതയുടെ ഹിമത്തുരുത്തിൽ മരവിച്ചിരിക്കുന്നതിന്റെ സുരക്ഷിതത്വം അവൾ അറിയാതെ ആസ്വദിച്ചു.

പന്ത്രണ്ടുവർഷായി മാരി മാരി പരീക്ഷിച്ച് ഉപേക്ഷിച്ച ഔഷധങ്ങളുടെയും ലേപനങ്ങളുടെയും മനം മടുപ്പിക്കുന്ന ഗന്ധം മാത്രം തിരിച്ചറിയുന്നു. ഇല്ലായ്മയിൽ നിന്നും കൊടും ദാരിദ്ര്യത്തിലേക്ക് അറിയാതെ വഴുതിവീണത് ഈ മരുന്നുകളിലൂടെ ആയിരുന്നല്ലോ?

വിളറി വിറങ്ങലിച്ച കൈകൾ ധൃതിയോടെ പരതി. കണ്ടെത്തിയ ഒരു തലശ്ശീലയും ഉടുപ്പും എടുത്തണിഞ്ഞു. തീരാറായ സുഗന്ധതൈലത്തിന്റെ കുപ്പി വീണ്ടും വീണ്ടും കുടഞ്ഞ് തലയിലും, ഉടുപ്പിലും, കൈകളിലും ഒക്കെ പുരട്ടി. മൂക്കുവിടർത്തി ആഞ്ഞുവലിച്ചു. ഇല്ല. പച്ചച്ചോരയുടെ മനം മടുപ്പിക്കുന്ന മണം അറിയില്ല. തലശ്ശീലകൊണ്ട് മുഖം വീണ്ടും വീണ്ടും തുടച്ച് പുറത്തേക്കിറങ്ങി. പലരും ഓടിപ്പോകുന്ന കാലടിയൊച്ച കേൾക്കാം. പുറത്തുപൊങ്ങുന്ന പൊടിക്കാറ്റിലൂടെ അവളും ആവുന്നത്ര വേഗത്തിൽ ഓടി തെരുവിലെത്തി. താളം തെറ്റി ശീഘ്രലത്തിലായ ചങ്കിടിപ്പ് അവഗണിച്ച് വീണ്ടും ഓടി. സ്വയം മറക്കുന്ന, ഗുരുവിനെ മാത്രം

www.malankaralibrary.com

ലക്ഷ്യം വച്ചോടുന്ന ആൾക്കൂട്ടത്തിൽ ഒരു ചെറുബിന്ദുവായി അവളും നീങ്ങി. ചടഞ്ഞിരുന്ന ആലസ്യത്തിന് തീപിടിച്ചപോലെ ഒരുവേഗപാച്ചിൽ. ജനസാഗരത്തിന്റെ ഇടയിലൂടെ പരൽ മീൻപോലെ ഊളിയിട്ടും ഉയർന്നു നോക്കിയും മുന്നോട്ടുതന്നെ കുതിച്ചു. ഓരോ നിമിഷവും തിക്കും തിരക്കും ശക്തമാകുന്നതായി അവൾ അറിഞ്ഞു. അകലെ വച്ചുതന്നെ യേശുവിന്റെ രൂപം തിരിച്ചറിഞ്ഞു. ശക്തമായ കാന്തികബലത്താലെന്ന പോലെ അറിയാതെ അവിടുത്തോട് അടുക്കുകയായിരുന്നു.

എന്തു ചെയ്യണം എന്നറിയില്ല. 'യേശുവേ നാഥാ' എന്ന് ഉറക്കെ വിളിച്ച് രോഗശാന്തിക്കായി യാചിക്കാം. വേണ്ട, ഈ രോഗത്തെക്കുറിച്ച് പുറത്തു പറയാൻ തന്നെ മടിയാണ്. ആ ഉടുപ്പിന്റെ അറ്റത്തൊന്നു തൊട്ടാൽ മാത്രം മതി. എനിക്കു രോഗശാന്തി കിട്ടും. തീർച്ച. അതു മാത്രം മതി. ഞാനും എന്റെ ദുരിതജീവിതവും മറ്റാരും അറിയാതിരിക്കട്ടെ. ശ്വാസം പോലും വിടാതെ, ആ ഉറച്ചകാൽവയ്പ്പുകളെ അവൾ പിൻതുടർന്നു. മറ്റാരും കാണുന്നില്ലെന്നുറപ്പായപ്പോൾ യേശുവിന്റെ കാറ്റത്തുലയുന്ന മേലങ്കിയുടെ അറ്റത്ത് കൈകൾ കൊണ്ടു തൊട്ടു. ആ കൈകൾ അവൾ നെഞ്ചോടമർത്തിവച്ചുകൊണ്ടു ഒരുനിമിഷം നിന്നു. ഒരു വിദ്യുത്



www.malankaralibrary.com

പ്രവാഹം അവളിലൂടെ കടന്നുപോയി. ആ നിർവൃതിയിൽ കണ്ണുകൾ അടച്ചുനിന്നു. പെട്ടെന്നാണ് ഘനഗംഭീരമായ ആ ശബ്ദം അവളെ ഉണർത്തിയത്. "ആരാണെന്നെ സ്പർശിച്ചത്."

കൂടെ ഉണ്ടായിരുന്നവർ പകച്ചുപോയി. തിക്കും തിരക്കും കൊണ്ട് ആളറിയാത്ത ഈ സമയത്ത് തന്നെ തൊട്ടത് ആരാണെന്നു ചോദിക്കുന്ന യേശുവിന്റെ ലക്ഷ്യം മനസ്സിലാകാതെ ജനം പിറുപിറുത്തു. ഒടുവിൽ മത്തായി തന്റെ സംശയം ഉറക്കെപറഞ്ഞു. "ഇത്രയും ജനങ്ങൾ തിക്കിത്തിരക്കുമ്പോൾ അങ്ങെന്താണീ ചോദിക്കുന്നത്? തൊട്ടത് ആരാണെന്നോ?" അവന്റെ അജ്ഞതയെ അവഗണിച്ചുകൊണ്ട് യേശു പറഞ്ഞു. 'ആരോ എന്നെ മന:പൂർവ്വം തൊട്ടു. എന്നിൽ നിന്നും ശക്തിപുറപ്പെട്ടു.' ആ കണ്ണുകൾ പരതിനടന്നു.

തലശ്ശീല വലിച്ച് മുഖം മറച്ച് ജനങ്ങൾക്കിടയിൽ മറയാൻ വിഫല ശ്രമം നടത്തുകയായിരുന്നു അവൾ. എല്ലാം അറിയുന്നവന്റെ മുന്നിൽ എങ്ങനെ ഞാൻ മറഞ്ഞുനിൽക്കും. വിഹ്വലതയോടെ അവൾ മുന്നോട്ടു വന്നു. തണുത്തുമരവിച്ച വിരലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. വിളറി വെളുത്ത ചുണ്ടുകൾ പതിയെ ചലിച്ചു. 'ഗുരുവേ, ഞാനാണ്...' വാക്കുകൾ മുഴുമിപ്പിക്കാൻ അവൾക്കായില്ല.

കരുണയുടെ സാഗരം തുളുമ്പിനിന്ന കണ്ണുകളിൽ സാന്ത്വനമോ വാത്സല്യമോ? അവൾക്കു തിരിച്ചറിയാനായില്ല. മെല്ലെ ആ കൈകൾ അവളുടെ തലയിൽ തലോടി. "സാരമില്ല! നിന്റെ രോഗം മാറി. സമാധാനത്തോടെ ജീവിക്കൂ. സൗഖ്യമായിരിക്കൂ!"

ആ ആശംസകൾ ഒരു ഹിമകണമായി അവളുടെ ഹൃദയത്തിൽ, കനൽപ്രവാഹമായ് സിരികളിൽ. അവൾ പ്രസരിപ്പോടെ ഓടിമറഞ്ഞു. നന്ദിയുടെ നറുമലരുകൾ വാരിവിതറിയ ഒരു വസന്തമായ്, പുതുജീവിതത്തിലേക്ക്...

*

**താളുകളിലൂടെ...**

www.malankaralibrary.com

കവിത

**ഡോ. ആശ പി.**
സെന്റ് ജോർജ്ജ് ഹൈസ്ക്കൂൾ, എറണാകുളം-അങ്കമാലി

# പ്രണയ ലഹരിയുടെ കാണാപ്പുറങ്ങൾ

അനന്തമാമീ സമാന്തരയാത്രകൾ
അതിനിഗൂഢ മൗനത്തിന്റെയാഴങ്ങൾ
അതിരെഴാ പ്രണയത്തിൻ ലഹരിയിൽ
അന്യമാകുന്ന ചങ്ങലക്കണ്ണികൾ!

തെളിമ തെല്ലുമേയില്ലെന്നറികിലും,
കരിന്തിരി കത്തിത്തീരുമീ ജീവിതം... ..
വിരക്തമാമെന്റെ ജീവിതവീഥിയിൽ,
മെഴുതിരി വെട്ടം തേടുന്ന നിമികളിൽ.

കനവു പെറ്റൊരു താരകക്കുഞ്ഞുങ്ങൾ
ഇമയനക്കുന്നു കള്ളച്ചിരിയാലേ...
പതിയെ വന്നെന്റെ മിഴികളിൽ
ജീവജലകണങ്ങൾ പോൽ കുളിരു പെയ്യുന്നു !

'പതിതഹൃദയമേ പക മറന്നേകു....'
തിരികെ നിന്നെ വിളിക്കുന്നു - പ്രണയസ്നേഹകം!
സ്നേഹമാപിനി തല്ലിയുടച്ചു നീ
വന്നു നിറയുക സ്നിഗ്ധ പ്രവാഹമായ്
ഉർവ്വരമാകുമീ ഭൂമിലിങ്ങനെ
പെയ്തു തീരുക ലഹരിയായ്...
അളവുകോലുമുപാധികളുമില്ലാ
പ്രണയമായി, ഉന്മാദമായ് പെയ്യുക !

അതിനിരാസങ്ങൾ പൂക്കും സ്ഫലികളിൽ
കനവു വീണ്ടും വിടർത്തട്ടെ പൂവുകൾ !

www.malankaralibrary.com

കവിത

## കെ.സി.ബി.സി സാഹിത്യ രചനാ മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ കവിത

**സി. ഹിത സിഎംസി**
എറണാകുളം, അങ്കമാലി

# നല്ല ഭാഗം

മനുജന്റെയിന്നത്തെ നെട്ടോട്ടം കണ്ടിടിൽ
കാലചക്രം തിരിക്കുന്നതവനെന്നുതോന്നും
നേരമില്ലന്നു ചൊല്ലുന്നവരാണധികവും
വ്യർത്ഥകാര്യങ്ങൾക്കു നേരമുണ്ടെന്നതും

പ്രവർത്തനബാഹുല്യമാണിന്നിന്റെ നാശം
ഉടയോനെ മറന്നേറെ കർമങ്ങൾ മാത്രവും
തീർക്കാത്തവേലകളുടെ ഭാണ്ഡംബാക്കിയും
കുരിശുവരക്കാത്ത ഇരവുകൾ കൂട്ടനും

നെല്ലും പതിരുമുണ്ട് ദിനമതും കൺമുൻപിൽ
ജീവിതമൊരുതെരഞ്ഞെടുപ്പെന്നതുവാസ്തവം
നല്ലഭാഗത്തെയാശ്ലേഷിക്കുകിൽ വിജയം നിശ്ചയം
സ്വാതന്ത്ര്യമെന്തേതുതന്നെയേതും പുൽകുവാൻ

www.malankaralibrary.com

ഭവനത്തിൽ വന്നഗുരുവിനെ പരിചരിക്കുവാൻ
വ്യഗ്രതപൂണ്ടോടിനടന്നമർത്തയെക്കാളും
പാദേയിരുന്നുവചനത്തിനുകാതോർത്തമറിയം
നല്ലഭാഗം തിരഞ്ഞെടുത്തെന്നുഗുരുമൊഴി

മർത്തയും മറിയവും സമ്മേളിക്കണം നമ്മിൽ
ഗുരുവിന്റെചാരെയൊന്നിരിക്കാൻ പഠിക്കണം
അവൻമൊഴിയുന്നതുനെഞ്ചിലേറ്റുകിൽ
ഇടറുകില്ലമമവഴികളിൽ നിർണയം

ജീവിതവ്യഗ്രതബന്ധങ്ങളുലയ്ക്കുംസത്യം
മതിലുകൾതീർക്കുന്നുസോദരർ തമ്മിലും
ബന്ധങ്ങളനവധി വെട്ടേറ്റുകിടക്കുന്നു
ഉയിരുനഷ്ടപ്പെട്ടവരേറെയുലകിലും

പ്രാർത്ഥനകൊണ്ടെന്തുഗുണമെന്നുമൊഴിയുന്നോർ
അനവധിയുണ്ടീയുഗത്തിൻ വിദൂഷകർ
മിഴിപൂട്ടിനോവുകൾ ഉണർത്തിച്ചീടുകിൽ
അനുഗ്രഹത്തിൻ കലവറ തുറക്കുമളവെന്യേ

തിന്മപെരുകിവരുന്നതിന്നിന്റെ നേർക്കാഴ്ചകൾ
മാധ്യമാസക്തി പ്രാർത്ഥനയ്ക്കുവഴിമാറിനിൽപ്പതും
ദിശാബോധം നഷ്ടപ്പെട്ട ജന്മങ്ങൾ വഴികളിൽ
നേരേതെന്നുകാണുവാൻ കണ്ണുതെളിയാത്തോർ

നൊന്തുപെറ്റമ്മയെ മൂലക്കലേക്കുതള്ളുന്നതും
മക്കളെപോറ്റാതെസ്വാർത്ഥം തേടുന്നതും
പ്രതികാരാഗ്നിയാൽ സ്വന്തത്തെവെട്ടുന്നതും
നല്ലഭാഗമാണോയെന്നോർക്കണം നമ്മളും

www.malankaralibrary.com

പിടിവാശികൾ പലതും വിട്ടുകൊടുക്കാത്തതും
ക്ഷമകൊടുക്കാതെ ധാർഷ്ട്യം കാണിക്കുന്നതും
തൻഭാഗമെപ്പോഴും ശരിയെന്ന് ശഠിക്കുന്നതും
തെരഞ്ഞെടുപ്പുകളുടെ പിഴവുകളല്ലെയോ

ചാറ്റിങ്ങിനായിന്ന് ചടഞ്ഞിരിക്കുന്നതും
കാമാസക്തിയാൽ ജീവിതം പാഴാക്കുന്നതും
ലഹരിവേട്ടയ്ക്കടിപ്പെട്ടുപോകുന്നതും
നേരിന്റെ കാഴ്ചകൾ നെറിവില്ലാകാഴ്ചകൾ

അമ്മതന്നുദരം കശാപ്പുശാലയാക്കുന്നതും
ലൈംഗീകവേഴ്ചയ്ക്കായ് ശരീരം വിൽക്കുന്നതും
അന്ധവിശ്വാസത്തെ ഊട്ടിവളർത്തിയതും
വിശ്വാസിക്കു ചേർന്ന ഭാവമല്ലന്നോർക്കണം

വിശ്വസിച്ചിട്ടെന്തു ഫലമെല്ലെന്ന് പുലമ്പുന്നോർ
വിശ്വത്തിനിന്നൊരുശാപമായ് മാറുന്നു
ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ ബുദ്ധിയിൽ
വരുംതലമുറയ്ക്കെങ്ങനെവിശ്വാസം പകർന്നിടും

കളയും വിളയും തിരിച്ചറിഞ്ഞീടണം
നാളേക്ക് മുതൽക്കൂട്ടായ് സുകൃതകൂട്ടുകൾ വേണം
നാളേക്കു നീട്ടിവയ്ക്കപ്പെടും സുകൃതങ്ങൾ
അനുഷ്ഠിക്കപ്പെടാതെ വന്നേക്കാം ഓർക്കുക

പ്രകൃതിതന്നെത്രയോ പാഠങ്ങൾ നൽകുന്നു
കനിവിന്റെ കനലാകാനൊത്തിരി പാഠങ്ങൾ
നന്മതൻ ശേഷിപ്പില്ലെങ്കിലീ ജീവതത്തിന്
നിത്യത പുൽകുവാനാകുമോ സോദരെ



താളുകളിലൂടെ...

www.malankaralibrary.com

# കെസിബിസി ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ് – മാതൃകാ ചോദ്യങ്ങൾ

(ന്യായാ 11:21, പ്രഭാ 41:50, ലൂക്കാ 17:24, എഫേ 1:6)

1. വേശ്യാപുത്രനായിരുന്ന ന്യായാധിപൻ ആര്?

   **ജഫ്താ (ന്യായാ 11:1)**

2. ആരു നമുക്ക് സാക്ഷിയായിരിക്കട്ടെ എന്നാണ് ശ്രേഷ്ഠൻമാർ പ്രതിവചിച്ചത്?

   **കർത്താവ് (ന്യായാ 11:10)**

3. ഹെഷ്ബോണിലെ അമോര്യരാജാവ് ആരായിരുന്നു?

   സീഹോൻ (ന്യായാ 11:19)

4. എഫ്രായിംകാരോടെതിർത്ത് ഗിലയാദുകാർ പിടിച്ചെടുത്തതെന്ത്?

   **ജോർദാന്റെ കടവുകൾ (ന്യായാ 12:5)**

5. എന്തു കുടിക്കരുതെന്നാണ് കർത്താവിന്റെ ദൂതൻ മനോവയുടെ ഭാര്യയോട് പറഞ്ഞത്

   **വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ (ന്യായാ 13:4)**

6. എത്ര പേരാണ് കെട്ടിടത്തിന്റെ മേൽത്തട്ടിൽ ഇരുന്ന് അഭ്യാസം കണ്ടുകൊണ്ടിരുന്നത്?

   **ഏകദേശം മൂവായിരം സ്ത്രീപുരുഷൻമാർ (ന്യായാ 16 : 27)**

www.malankaralibrary.com

7. യൂദാവംശജനായ ലേവ്യൻ പാർത്തിരുന്നതെവിടെ?
**യൂദായിലെ ബേത്ലെഹെമിൽ (ന്യായാ 17 : 7 )**

8. ന്യായാ 17 : 12 പ്രകാരം മിക്കാ ആരെയാണ് പുരോഹിതനായി അവരോധിച്ചത്?
**ബേത്ലെഹെംകാരനായ ലേവ്യനെ (ന്യായാ 17 : 9.12 )**

9. മഹനേദാൻ എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
**കിരിയാത്ത് യെയാറിമിനു പടിഞ്ഞാറ് (ന്യായാ 18 : 12)**

10. അമ്മായിയപ്പൻ നിർബന്ധിച്ചതനുസരിച്ച് എത്ര ദിവസം ലേവ്യൻ അവിടെ താമസിച്ചുവെന്നാണ് ന്യായ.19:4 ൽ കാണുന്നത്?
**മൂന്നുദിവസം (ന്യായാ 19 : 4)**

11. ബെഞ്ചമിൻ ഗോത്രക്കാരോടുയുദ്ധം ചെയ്യാൻ ആര് ആദ്യം പോകട്ടെയെന്നാണ് കർത്താവ് അരുളിച്ചെയ്തത്?
**യൂദാ (ന്യായാ 20 : 18)**

12. വാളെടുക്കാൻപോന്ന ഇരുപത്താറായിരം ബെഞ്ചമിൻ ഗോത്രജരിൽ എത്ര പേർ പ്രഗല്ഭന്മാരായ ഇടത്തുകയ്യന്മാരായിരുന്നു?
**എഴുനൂറുപേർ (ന്യായാ 20 : 16)**

13. ആയിരം സ്വർണനിക്ഷേപങ്ങളെക്കാൾ അക്ഷയമായത് എന്ത് ?
**സത്കീർത്തി (പ്രഭാ 41 : 12)**

14. എന്താണ് കർത്താവ് വെളിപ്പെടുത്തുന്നത്?
**നിഗൂഢരഹസ്യങ്ങൾ (പ്രഭാ 42 : 19)**

15. മനോഹരമായ ചാപംകൊണ്ട് ആകാശത്തെ വലയം ചെയ്യുന്നതെന്ത്?
**മഴവില്ല് (പ്രഭാ 43 :11.12)**

16. മഞ്ഞുകട്ടയെ പടച്ചട്ടപോലെ അണിയുന്നതെന്ത്?
**ജലം (പ്രഭാ 43 : 20)**

www.malankaralibrary.com

17. എല്ലാ തലമുറകൾക്കും അനുതാപത്തിന്റെ മാതൃകയായിരിക്കുന്നതാര്?

**ഹെനോക്ക് (പ്രഭാ 44 : 16)**

18. അബ്രാഹത്തിനു ലഭിച്ച അതേ വാഗ്ദാനം അബ്രാഹംമൂലം ആർക്കാണ് നൽകപ്പെട്ടത്?

**ഇസഹാക്കിന് (പ്രഭാ 44 : 22)**

19. കർത്താവ് മോശയെ വിശുദ്ധീകരിച്ചതെങ്ങനെ?

**വിശ്വസ്തതയും സൗമ്യതയുംകൊണ്ട് (പ്രഭാ 45 :4)**

20. കർത്താവിന്റെ നിയമമനുസരിച്ച് സമൂഹത്തിൽ ന്യായം നടത്തിയത് ആര്?

**സാമുവൽ (പ്രഭാ 46 :13.14)**

21. ആരാണ് ഉത്സവങ്ങൾക്കു മനോഹാരിത പകരുകയും അവയുടെ കാലം നിശ്ചയിക്കുകയും ചെയ്തത്?

**ദാവീദ് (പ്രഭാ 47 :2.10)**

22. ഏലിയാ മരിച്ചവരുടെ ഇടയിൽനിന്ന്, പാതാളത്തിൽനിന്ന് ജഡത്തെ ഉയിർപ്പിച്ചതെങ്ങനെ?

**അത്യുന്നതന്റെ വാക്കുകൊണ്ട് (പ്രഭാ 48 :5)**

23. പാപത്തിന്റെ മ്ളേച്ഛത നീക്കിക്കളഞ്ഞതാര്?

**ജോസിയാ (പ്രഭാ 49 :1.2)**

24. തങ്ങളുടെ സർവവിഭൂഷകളോടുംകൂടെ കർത്താവിനുള്ള കാഴ്ചകൾ കരങ്ങളിലേന്തി, ഇസ്രായേൽസമൂഹത്തിന്റെ മുമ്പിൽ നിന്നതാര്? **അഹറോന്റെ പുത്രൻമാർ (പ്രഭാ 50 : 13)**

25. പത്തു കുഷ്ഠരോഗികളോട് പോയി തങ്ങളെത്തന്നെ ആർക്കു കാണിച്ചുകൊടുക്കുവിൻ എന്നാണ് യേശു നിർദ്ദേശിച്ചത്?

**പുരോഹിതന്മാർക്ക് (ലൂക്കാ 17:14)**

www.malankaralibrary.com

26. ‘‘മനുഷ്യപുത്രന്റെ ദിവസങ്ങളിലൊന്ന് കാണാൻ നിങ്ങൾ ആഗ്രഹിക്കുന്ന സമയം വരും.’’ യേശു ഇത് പറഞ്ഞത് ആരോട്?

**ശിഷ്യരോട് (ലൂക്കാ 17:22)**

27. നല്ലവൻ എന്നു വിളിക്കപ്പെടുവാൻ ഒരുവൻ മാത്രമെയുള്ളൂ അവനല്ലാതെ നല്ലവനായി മറ്റാരുമില്ല. അവനാര്?

**ദൈവം (ലൂക്കാ 18:19)**

28. വഴിയരികിൽ ഇരുന്ന് ഭിക്ഷ യാചിക്കുന്ന കുരുടനെ യേശു കണ്ടുമുട്ടിയത് എവിടെവച്ച്?

**ജറീക്കോയിൽ വച്ച് (ലൂക്കാ 18:35)**

29. കാഴ്ച ലഭിച്ച ജറീക്കോയിലെ കുരുടൻ യേശുവിന്റെ പിന്നാലെ ദൈവത്തെ മഹത്വപ്പെടുത്തി കൊണ്ട് പോകുന്നത് കണ്ട എല്ലാവരും എന്തുചെയ്തു?

**ദൈവത്തെ സ്തുതിച്ചു (ലൂക്കാ 18:43)**

30. ഇതു കണ്ടപ്പോൾ അവരെല്ലാവരും പിറുപിറുത്തു: ‘‘ഇവൻ പാപിയുടെ വീട്ടിൽ അതിഥിയായി താമസിക്കുന്നല്ലോ.’’ ആ പാപി ആര്?

**സക്കേവൂസ് (ലൂക്കാ 19:7)**

31. ‘‘ഉള്ളവന് കൊടുക്കപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും.’’ വി. ലൂക്കായുടെ സുവിശേഷത്തിൽ ഈ വചനങ്ങൾ യേശു പറഞ്ഞത് ഏത് ഉപമയുടെ അവസാനമായാണ്?

**പത്തു നാണയത്തിന്റെ (ലൂക്കാ 19.26)**

32. ലൂക്കാ 19:38 നു സമാനമായ വചനഭാഗം ഏത്?

**സങ്കീ 118:26**

www.malankaralibrary.com

33. മുന്തിരിത്തോട്ടത്തിന്റെ ഉപമയിൽ തോട്ടം നട്ടുപിടിപ്പിച്ചത് ആര്?
**ഒരു മനുഷ്യൻ (ലൂക്കാ 20:9)**

34. സീസറിനു നികുതി കൊടുക്കുന്നതു നിയമാനുസൃതമോ അല്ല യോ എന്ന് യഹൂദചാരന്മാർ ചോദിച്ചപ്പോൾ യേശു ഒരു ദനാറാ കാണിക്കുവാൻ ആവശ്യപ്പെട്ടത് എന്തു മനസ്സിലാക്കിയപ്പോ ഴാണ്?
**അവരുടെ കൗശലം (ലൂക്കാ 20:23)**

35. അവസാനനാളുകൾ ആരംഭിക്കുന്നതിനുമുമ്പ് ശിഷ്യന്മാർ സാക്ഷ്യം നൽകുമ്പോൾ എതിരാളികളിലാർക്കും ചെറു ത്തു നിൽ ക്കാനോ എതിർക്കാനോ കഴിയാത്ത എന്ത് നൽകപ്പെടും എന്നാണ് യേശു പറയുന്നത്?
**വാക്ചാതുരിയും ജ്ഞാനവും (ലൂക്കാ 21:15)**

36. ജറുസലേമിലെത്തിയ യേശു എല്ലാ ദിവസവും പഠിപ്പിച്ചു കൊണ്ടിരുന്നത് എവിടെയായിരുന്നു?
**ദേവാലയത്തിൽ (ലൂക്കാ 21:37)**

37. എപ്പോൾ യേശുവിനെ ഒറ്റിക്കൊടുക്കാനാണ് യൂദാസ് അവസരം പാർത്തുകൊണ്ടിരുന്നത്?
**ജനക്കൂട്ടമില്ലാത്തപ്പോൾ (ലൂക്കാ 22:6)**

38. എവിടെ പൂർത്തിയാകുന്നതുവരെ താൻ ഇനി പെസഹാ ഭക്ഷിക്കുകയില്ലെന്നാണ് യേശു അപ്പസ്തോലൻമാരോട് അരുളി ച്ചെയ്യുന്നത്?
**ദൈവരാജ്യത്തിൽ (ലൂക്കാ 22:16)**

39. പെസഹാ ഭക്ഷിച്ചശേഷം യേശു തന്നെ ഒറ്റിക്കൊടുക്കുന്ന മനു ഷ്യനു ദുരിതം എന്നു പറഞ്ഞപ്പോൾ താനാരെന്നാണ് സ്വയം വിശേഷിപ്പിച്ചത്?
**മനുഷ്യപുത്രൻ (ലൂക്കാ 22:22)**

www.malankaralibrary.com

40. യേശു അപ്പസ്തോലന്മാരെ എന്തൊക്കെയില്ലാതെ അയച്ചപ്പോൾ പോലും അവർക്ക് ഒന്നിനും കുറവുണ്ടായില്ല എന്നാണ് അവർ പറഞ്ഞത്?

**മടിശ്ശീലയോ, ഭാണ്ഡമോ, ചെരിപ്പോ (ലൂക്കാ 22:35)**

41. യേശുവും എമ്മാവൂസിലെ ശിഷ്യന്മാരും ഭക്ഷണത്തിനിരുന്നപ്പോൾ ആരാണ് അപ്പം മുറിച്ചത്?

**യേശു (ലൂക്കാ 24:30)**

42. ഉത്ഥാനംചെയ്ത യേശു ശിഷ്യന്മാർക്കു പ്രത്യക്ഷനാകുമ്പോൾ അവരോട് ആദ്യം അരുളിച്ചെയ്യുന്നതെന്ത്?

**നിങ്ങൾക്കു സമാധാനം (ലൂക്കാ 24:36)**

43. സ്വർഗീയമായ എല്ലാ ആത്മീയവരങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചവൻ ആര്?

**ദൈവം (എഫേ 1:3)**

44. എഫേ. 1:7 നു സമാനമായ ലേഖനഭാഗമേത്? **കൊളോ. 1:14**

45. അതു പ്രവൃത്തികളുടെ ഫലമല്ല, തന്മൂലം ആരും അതിൽ അഹങ്കരിക്കേതില്ല. പൗലോസ് ഇപ്രകാരം പറയുന്നത് എന്തിനെക്കുറിച്ചാണ്?

**രക്ഷയെക്കുറിച്ച് (എഫേ 2:9)**

46. ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നത് ആരിലാണ്?

**ക്രിസ്തുവിൽ (എഫേ 2:21)**

47. ദൈവത്തിന്റെ ജീവനിൽനിന്ന് അകറ്റപ്പെട്ട് മനസ്സുമരവിച്ച വിജാതീയർ തങ്ങളെത്തന്നെ സമർപ്പിച്ചത് എന്തിനാണ്?

**ഭോഗാസക്തിക്ക് (എഫേ 4:19)**

48. എഫേ. 5:3 ൽ നാം വർജിക്കേതായി പറയുന്ന തിന്മകൾ ഏതെല്ലാമാണ്?

**വ്യഭിചാരം, അശുദ്ധി, അത്യാഗ്രഹം**

www.malankaralibrary.com

49. അനുസരണമില്ലാത്ത മക്കളുടെമേൽ നിപതിക്കുന്നതെന്ത്?
**ദൈവത്തിന്റെ ക്രോധം (എഫേ 5:6)**

50. തിന്മയ്ക്കെതിരേയുള്ള പോരാട്ടത്തിൽ എന്തിന്റെ കവചമാണ് ധരിക്കേണ്ടത്?
**നീതിയുടെ (എഫേ 6:14)**

**ലോഗോസ് രൂപതാതല പരീക്ഷയ്ക്ക് ഈ ചോദ്യങ്ങൾ ഏറെ പ്രയോജനകരമാണ്**



എല്ലാവർക്കും താലന്ത് മാഗസിന്റെ
# തിരുഹൃദയമംഗളാശംസകൾ

www.malankaralibrary.com



# പിഒസിയിൽ പരിസ്ഥിതി ദിനം ആചരിച്ചു



കൊച്ചി : ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് കെസിബിസി യുവജനകമ്മീഷൻ ചെയർമാനും തിരുവനന്തപുരം അതിരൂപത സഹായ മെത്രാനുമായ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ പിഒസി കോമ്പൗണ്ടിൽ മരം നട്ടു കൊണ്ട് പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. പിഒസി ഡയറക്ടർ ഫാ. തോമസ് തറയിൽ, ഫാ. ജേക്കബ് പ്രസാദ്, ഫാ. ടോണി കോഴിമണ്ണിൽ, ഫാ. മാർട്ടിൻ തട്ടിൽ, ഫാ. ഡിറ്റോ കൂളാ എന്നിവരും പിഒസി സ്റ്റാഫ് അംഗങ്ങളും സന്നിഹിതരായിരുന്നു.

## അഹമ്മദാബാദ് വിമാന ദുരന്തത്തിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികൾ: കെസിബിസി

കൊച്ചി: അഹമ്മദാബാദിൽ വ്യാഴാഴ്ച 260-ൽപരം മനുഷ്യരുടെ ജീവൻ അപഹരിച്ച വിമാനാപകടത്തിൽ കേരള കത്തോലിക്കാസഭ അനുശോചനവും അഗാധമായ ദുഃഖവും രേഖപ്പെടുത്തുന്നു. രാജ്യത്തിന്റെ മുഴുവന്റെയും, വിശിഷ്യാ മരണപ്പെട്ടവരുടെ ബന്ധുമിത്രാദികളുടെയും പരിക്കേറ്റവരുടെയും വേദനയിൽ ആത്മാർത്ഥമായി പങ്കുചേരുന്നു. ഈ ഘട്ടത്തിൽ തീവ്രമായ വേദനയിലൂടെ കടന്നുപോവുകയും രക്ഷാപ്രവർത്തനങ്ങൾ സംബന്ധിച്ച വിവിധ മേഖലകളിൽ പ്രവർത്തന നിരതരാ

www.malankaralibrary.com



യിരിക്കുകയും ചെയ്യുന്നവരെ പ്രാർത്ഥനയിലൂടെ ശക്തിപ്പെടുത്താൻ നാമേവർക്കും കടമയുണ്ട്. മരണമടഞ്ഞവരുടെ ആത്മശാന്തിക്കായും നമുക്ക് പ്രാർത്ഥിക്കാം. പ്രവർത്തന നിരതമായിരിക്കുന്ന കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കും സർക്കാർ സംവിധാനങ്ങൾക്കും ഉദ്യോഗസ്ഥർക്കും പിന്തുണ അറിയിക്കുന്നതോടൊപ്പം, ഇപ്രകാരമുള്ള മഹാദുരന്തങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# പാസ്റ്ററൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ (PTI) ബിരുദദാനവും പുതിയ അക്കാദമിക് വർഷത്തിന്റെ ഉദ്ഘാടനവും



കൊച്ചി: കേരള കത്തോലിക്ക ബിഷപ്പുമാരുടെ സമിതിയുടെ നേതൃത്വത്തിലുള്ള പാസ്റ്ററൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (PTI), പിസിഒസിയുടെ (POC) ആഭിമുഖ്യത്തിൽ 2025-26 അക്കാദമിക് വർഷത്തിൻറെ ഔദ്യോഗിക ഉദ്ഘാടനവും ബിരുദദാനവും ജൂൺ 14-ന് പിസിഒസി ലിറ്റിൽ ഫ്ലവർ

www.malankaralibrary.com



ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. വൈകിട്ട് 3 മണിയോടെ ആരംഭിച്ച ചടങ്ങ് പ്രാർത്ഥനാനൃത്തത്തോടെ ആരംഭിച്ചു.

പൊതുസമ്മേളനത്തിൽ സ്വാഗതം അറിയിച്ചത് റവ. ഫാ. ടോനി കോഴി മണ്ണിൽ (ഡീൻ ഓഫ് സ്റ്റഡീസ്, PTI) ആയിരുന്നു. പ്രസിഡന്റൽ അഭി സംബോധന നടത്തിയത് കെസിബിസിയുടെയും പിസിഐസിയുടെയും ഡെപ്യൂട്ടി സെക്രട്ടറി കൂടിയായ റവ. ഫാ. തോമസ് തറയിൽ. ഉദ്ഘാടനം നിർവഹിച്ചത് സിഎംഐ പ്രയർ ജനറൽ ആയ വെരി റവ. ഡോ. ഫാ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ. ആയിരുന്നു. വിവിധ പഠന മേഖലകളിൽ വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് അന്നേ ദിവസം ബിരുദങ്ങളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

സമ്മേളനത്തിൽ പങ്കെടുത്തത് ആശംസകളർപ്പിച്ച് റവ. ഡോ. ഫാ. ബേർണി വർഗീസ് ഒ.എഫ്.എം, മുൻ വിദ്യാർത്ഥിയായ ശ്രീ. ലൈജു വർഗീസ്, ശ്രീ. ഫ്രാൻസിസ് എ. പി., ശ്രീ. ജസ്റ്റിൻ എം. ഡി., ശ്രീമതി റോസ് ലിജിന ജോസഫ് എന്നിവർ പ്രസംഗിച്ചു. റവ. സിസ്റ്റർ സോളി ഡി.സി.പി.ബി. (ഓഫീസ് സെക്രട്ടറി, PTI) സമ്മേളനത്തിന് നന്ദി അർപ്പിക്കുകയും ചെയ്തു.

പരിപക്വമായ ആത്മീയതയുടെയും സമഗ്രമായ പാസ്റ്ററൽ പരിശീലനത്തിന്റെയും ഭാഗമായി പ്രവർത്തിക്കുന്ന PTI, പുതിയ വർഷം ആരംഭിക്കുന്നതിന്റെ ഭാഗമായി ഈ ചടങ്ങ് വലിയ പ്രാധാന്യമാർജ്ജിച്ചു.

# ലഹരി വിരുദ്ധ ദിനാചരണം

കൊച്ചി: ലോക ലഹരി വിരുദ്ധദിനം പ്രമാണിച്ച് കെസിബിസിയുടെ ആഹ്വാനപ്രകാരം കേരളത്തിലെ എല്ലാ കത്തോലിക്കാ വിദ്യാലയങ്ങളിലും ജൂൺ 26-ന്‌രാവിലെ അസംബ്ലിയോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികളും ലഹരിവിരുദ്ധ പ്രതിജ്ഞയും നടത്തുന്നതാണ്.

www.malankaralibrary.com






വളരുന്ന തലമുറയെ ലഹരിയുടെ വിപത്തിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള എല്ലാ ഉദ്യമങ്ങളോടും കേരള കത്തോലിക്കാസഭ സഹകരിക്കുന്നതാണ്.

ലഹരി വിൽപ്പനയുടെ കണ്ണികളായി പ്രവർത്തിക്കുന്നവർ ലഹരിവസ്തുവെന്ന് തിരിച്ചറിയാനാ വാത്തവിധത്തിൽ ചോക്കലേറ്റുകളുടെയും പാനീയങ്ങളുടെയും രൂപത്തിൽ രാസലഹരി വിദ്യാർത്ഥികൾക്കിടയിൽ പ്രചരിപ്പിക്കുന്നു എന്ന വസ്തുത സമീപകാല സംഭവങ്ങളിൽനിന്ന് വ്യക്തമാണ്. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കിടയിലെന്നതിനേക്കാൾ പട്ടണങ്ങൾ കേന്ദ്രീകരിച്ച് വിവിധ മേഖലകളിൽ ജോലിചെയ്യുന്ന യുവജനങ്ങൾക്കിടയിലും രാസലഹരിയുടെ ഉപയോഗം വളരെ വർദ്ധിച്ചിരിക്കുന്നതായാണ് റിപ്പോർട്ടുകൾ.

## അഹമ്മദാബാദ് വിമാന ദുരന്തത്തിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികൾ: കെസിബിസി

കൊച്ചി: അഹമ്മദാബാദിൽ വ്യാഴാഴ്ച 260-ൽപരം മനുഷ്യരുടെ ജീവൻ അപഹരിച്ച വിമാനാപകടത്തിൽ കേരള കത്തോലിക്കാസഭ അനുശോചനവും അഗാധമായ ദുഃഖവും രേഖപ്പെടുത്തുന്നു. രാജ്യത്തിന്റെ മുഴുവന്റെയും, വിശിഷ്യാ മരണപ്പെട്ടവരുടെ ബന്ധുമിത്രാദികളുടെയും

www.malankaralibrary.com



പരിക്കേറ്റവരുടെയും വേദനയിൽ ആത്മാർത്ഥമായി പങ്കുചേരുന്നു. ഈ ഘട്ടത്തിൽ തീവ്രമായ വേദനയിലൂടെ കടന്നുപോവുകയും രക്ഷാപ്രവർത്തനങ്ങൾ സംബന്ധിച്ച വിവിധ മേഖലകളിൽ പ്രവർത്തന നിരതരായിരിക്കുകയും ചെയ്യുന്നവരെ പ്രാർത്ഥനയിലൂടെ ശക്തിപ്പെടുത്താൻ നാമേവർക്കും കടമയുണ്ട്. മരണമടഞ്ഞവരുടെ ആത്മശാന്തിക്കായും നമുക്ക് പ്രാർത്ഥിക്കാം. പ്രവർത്തന നിരതമായിരിക്കുന്ന കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കും സർക്കാർ സംവിധാനങ്ങൾക്കും ഉദ്യോഗസ്ഥർക്കും പിന്തുണ അറിയിക്കുന്നതോടൊപ്പം, ഇപ്രകാരമുള്ള മഹാദുരന്തങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

# വർധിച്ചുവരുന്ന ക്രൈസ്തവപീഡനങ്ങളെ അപലപിക്കുന്നു: കെസിബിസി

കൊച്ചി: ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തായി വർധിച്ചുവരുന്ന ക്രൈസ്തവ പീഡനങ്ങളുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് സിറിയൻ തലസ്ഥാനമായ ഡമാസ്കസിലെ ഹമാ ഗ്രാമത്തിലെ ഗ്രീക് ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ കുർബാന മധ്യേ നടന്ന ചാവേർ ആക്രമണം. മുപ്പതുപേർ മരിക്കുകയും, സ്ത്രീകളും കുട്ടികളുമടക്കം അറുപതിലേറെ പേർക്ക് മാരകമായി പരുക്കേൽക്കുകയും ചെയ്ത സംഭവം മനുഷ്യമനഃസാക്ഷിയെ ഞെട്ടിക്കുന്നതാണ്.

പശ്ചിമേഷ്യയിലും, നൈജീരിയ, സുഡാൻ, ബുർകിന ഫാസോ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലും നിർബാധം തുടർന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവ കൂട്ടക്കുരുതിയെ കെസിബിസി ശക്തമായി അപലപിക്കുന്നു. മതതീവ്രവാദികൾ നടത്തുന്ന മനുഷ്യത്വരഹിതവും ഹീനവുമായ ഇത്തരം പ്രവർത്തികളെ നിയന്ത്രിക്കുവാൻ ലോകരാഷ്ട്രങ്ങൾ ഒറ്റകെട്ടായി മുന്നോട്ടു വരണമെന്ന് അഭ്യർഥിക്കുന്നു. പീഡിപ്പിക്കപ്പെടുന്ന സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ശാശ്വത സമാധാനം സംജാതമാകുവാൻ പ്രാർഥിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



## ക്രൈസ്തവ ജീവനക്കാരെക്കുറിച്ചുള്ള അനാവശ്യ വിവരാന്വേഷണങ്ങൾ സർക്കാർ നിരുത്സാഹപ്പെടുത്തണം: കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ

ദുരുദ്ദേശ്യപരമായ ഒരു പരാതിയെ തുടർന്ന് ക്രൈസ്തവരായ സ്കൂൾ ജീവനക്കാരെക്കുറിച്ച് വിവരശേഖരണം നടത്താൻ ഉദ്യമിച്ച വിദ്യാഭ്യാസ വകുപ്പിലെ നാല് ഉദ്യോഗസ്ഥർ സസ്പെൻഡ് ചെയ്യപ്പെട്ടത് കേവലം രണ്ടു മാസങ്ങൾക്ക് മുമ്പാണ്. മുമ്പ് പരാതിയുന്നയിച്ച അതേ വ്യക്തി തന്നെ വീണ്ടും കോളേജുകളിലെ ജീവനക്കാരായ പുരോഹിതരെയും സന്യസ്തരെയും കുറിച്ചുള്ള വിവരാന്വേഷണം നടത്തിയതിനെ തുടർന്ന് വിവരങ്ങൾ ലഭ്യമാക്കാൻ തൃശൂർ കോളേജിയേറ്റ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കോളേജുകളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തസ്തികകളിലും നിയമനങ്ങളിലും മതാടിസ്ഥാനത്തിലുള്ള വേർതിരിവുകൾ ഇല്ല എന്നിരിക്കെ ഇത്തരം വിവരാന്വേഷണങ്ങളും അനുബന്ധ വാർത്തകളും തെറ്റിദ്ധാരണകൾക്കും മതസ്പർധയ്ക്കും കാരണമാകുമെന്നതിനാൽ ഇതുപോലുള്ള നീക്കങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടാൻ പാടില്ല. ദുരുദ്ദേശ്യപരമായ ഇത്തരം പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട അധികാരികൾ വിവേചനബുദ്ധി പ്രകടിപ്പിക്കേണ്ടതുണ്ട്.

മുമ്പ് ഈ വിഷയത്തിൽ ഇടപെട്ട ബഹു. വിദ്യാഭ്യാസ മന്ത്രി അടിസ്ഥാന രഹിതമായ പരാതിയുന്നയിച്ച പ്രസ്തുത വ്യക്തിക്കെതിരെ പോലീസിൽ പരാതി നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത പരാതിയിൽ മാതൃകാപരമായ നടപടി സ്വീകരിക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനും സർക്കാർ തയ്യാറാകണം. മത സ്പർദ്ധ സൃഷ്ടിക്കുകയും വിഭാഗീയ ചിന്തകൾക്ക് വഴിയൊരുക്കുകയും ദുഷ്പ്രചാരണങ്ങൾ നടത്തി സാമൂഹ്യ ഐക്യത്തിനും സമാധാനത്തിനും വെല്ലുവിളികൾ ഉയർത്തുകയും ചെയ്യുന്ന വ്യക്തികളെയും അവർക്ക് പിൻബലം നൽകുന്ന പ്രസ്ഥാനങ്ങളെയും സമൂഹം തിരിച്ചറിയുകയും നിരുത്സാഹപ്പെടുത്തുകയും വേണം.



താളുകളിലൂടെ...

www.malankaralibrary.com

**സമീക്ഷകൻ**

## കരയേണ്ട, കണ്ണടച്ചിരുന്നോളൂ കണ്ണീർ തുടയ്ക്കും ആ തെന്നൽ സ്പർശം

കേരളത്തിലെ അഞ്ഞൂറോളം ആനാഥമന്ദിരങ്ങളിൽ 32000 അന്തേവാസികളുണ്ട്. ഇതിൽ ഭൂരിഭാഗവും നടത്തുന്നത് കത്തോലിക്കാസഭയാണ്. സമൂഹത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീകമാണ് ഈ ആനാഥമന്ദിരങ്ങൾ. ഭിന്നശേഷിക്കാർക്കായുള്ള സാന്ത്വനപരിചരണാലയങ്ങളിൽ ഏറെയും നടത്തുന്നത് നമ്മുടെ സമർപ്പിതരാണ്.

യഹൂദമതഗ്രന്ഥമായ തോറയിൽ സർവശക്തൻ, സർവജ്ഞാനി, കാലാതീതൻ തുടങ്ങിയ വിശേഷങ്ങൾ ദൈവത്തിനു നൽകിയിട്ടുണ്ടെങ്കിലും, ആ കാർക്കശ്യത്തിന്റെ പപ്പിറസ് ചുരുളുകളിലേക്ക് സ്നേഹവും കരുണയും യേശുനാഥൻ കൂട്ടിച്ചേർത്തു. അന്നും ഇന്നും എന്നും ഹൃദയം തൊടുന്ന ഈ പദങ്ങളുടെ അർത്ഥങ്ങളിലാണ് ക്രിസ്തുമതം ദൈവത്വ സങ്കല്പനത്തിലേക്ക് കണ്ണയയ്ക്കുന്നത്.

'അവൻ നമ്മെ സ്നേഹിച്ചു' ക്രിസ്തുവിന്റെ സ്നേഹവും, കരുണയും നിറഞ്ഞ ഒരു ദൈവിക കണ്ടുമുട്ടലിന്റെ പാതയിലേക്കാണ് ക്രൈസ്തവരെ ക്ഷണിക്കുന്നത്. നമ്മുടെ സാംസ്കാരിക പാരമ്പര്യങ്ങളുടെ ദേശീയ ഈടുവെപ്പുകൾ അനുസ്മരിപ്പിക്കുന്നത് ആഹ്ലാദകരമാണെങ്കിലും, ഇന്ത്യയിൽ ഇന്ന് പ്രതിവർഷം അരങ്ങേറുന്നത് 30,000 ദുരഭിമാനക്കൊലപാതകങ്ങളാണെന്ന് കണക്കുകളിലുണ്ട്. മനസ്സ് ഹൃദയങ്ങളിൽ അരങ്ങേറുന്ന യുദ്ധക്കെടുതികളിൽ വീണ് തകരുന്ന മനുഷ്യജന്മങ്ങളെക്കുറിച്ചുള്ള ചിന്ത നമ്മിലുള്ള മനുഷ്യത്വത്തിന്റെ പുനരുത്ഥാനത്തിന് അനിവാര്യമാണെന്ന് നാം തിരിച്ചറിയേണ്ടതല്ലേ? മതങ്ങളുടെ 'വിവിധ' പാതകളെക്കുറിച്ച് ബെനഡിക്ട് പതിനാറാമൻ പാപ്പ പറയുകയുണ്ടായി, (സത്യത്തിൽ സ്നേഹം, നമ്പർ 55). എന്നാൽ അമേരിക്കയിലും മറ്റും മതമേ വേണ്ടെന്നു കരുതുന്നവരുടെ എണ്ണം കൂടുകയാണ്. മതങ്ങളുടെ 'കാലതലുകൾ' ദ്രവിച്ചുപോകുന്നതാണോ ഇതിനു കാരണം?

മറ്റുള്ളവർ ഹൃദയശൂന്യമായി പെരുമാറുമ്പോൾ, കഴിയുമോ നിങ്ങൾക്ക് ഒരു നിമിഷം കണ്ണടച്ചിരിക്കാൻ, കണ്ണടച്ചും, ഹൃദയജാലകം തുറന്നും നിങ്ങളുടെ ആ കാത്തിരിപ്പിനിടയിൽ വിശ്വാസത്തിന്റെ ഇന്ദ്രിയം പ്രവർത്തിച്ചു തുടങ്ങും. ലോകത്തിന്റെ ഹൃദയമായ ക്രിസ്തുവിന്റെ സാന്നിധ്യം ഒരു ഇളംതെന്നൽ പോലെ അപ്പോൾ നിങ്ങളെ തഴുകും !

– ആന്റണി ചടയംമുറി –

**താളുകളിലൂടെ...**

www.malankaralibrary.com



www.malankaralibrary.com

TALENT June - July 2025
Total Pages : 68 PRICE per copy : Rs. 15

RNI No. KER/MAL/29523/78

*High Quality Printing with Divinity*

DIVINE
PRINTERS & PUBLISHERS


HEIDELBERG - 4 COLOUR


WEB OFFSET

- Multicolour Offset Printing
- Web Offset Printing
- CTP Unit
- Skilled Workers


HEIDELBERG - CTP

DIVINE NAGAR, MURINGOOR, CHALAKUDY

9745027755
8547606815

ctpdivine@gmail.com
ctpdivine2017@gmail.com
dtpdivine@gmail.com

Printed and published by Fr. Thomas Tharayil for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Jolly Vadakken